# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജൂൺ 2024




CCTV
INSTALLATION
& SERVICE
5G
the digital mart
SkyLine
COMPUTERS
Aramanapady, Changanacherry - 686 101
94464 35172, 94474 55172
www.skylinecomputers.in
PROJECTORS | SMARTPHONE | LAPTOP | SMART TV | DIGITAL GADGETS

# പാരീഷ് ബുള്ളറ്റിൻ
# ഇടയൻ

താളുകൾ മറിക്കുമ്പോൾ

ജൂൺ 2024
ലക്കം 3
വാല്യം 9

*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. മാത്യു (ജെറിൻ) കാവനാട്ട്**
9446587532

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. ആന്റണി (ലിപിൻ) തുണ്ടുകളം**
9645607825
**റവ. ഫാ. വർഗീസ് (ടോജോ) പുളിക്കപ്പടവിൽ**
9074728504

*കൈക്കാരന്മാർ:*
**ലാലിച്ചൻ മുക്കാടൻ**
**ജോമി കാവാലംപുതുപ്പറമ്പ്**
**ബിനോ പാറക്കടവിൽ**

*കമ്മറ്റിയംഗങ്ങൾ:*
**വിന്നി ജോർജ്ജ് കല്ലൂക്കളം** (കൺവീനർ)
**സൈബി അക്കര**
**സി. മരിയ** SABS
**ജോമി കാവാലംപുതുപ്പറമ്പിൽ**
**ജിജി മുളയ്ക്കൽ**
**നവീൻ വെട്ടുവഴി**
**എബിൻ ആറുപറയിൽ**
**മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ**
**സജി ഇളംകുളം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**സോണി കരിമറ്റം**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



മുഖമൊഴി 05



06 വികാരിയച്ചന്റെ സന്ദേശം




ധന്യൻ മാർ തോമസ് കുര്യാളശ്ശേരി
ദിവ്യകാരുണ്യത്തിന്റെ ഉപാസകൻ 10



14 ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് പൗരോഹിത്യ ശതോത്തര രജതജൂബിലി



നീർച്ചാലിനരികെ വളർന്നു പുഷ്പിച്ച വൃക്ഷം 29



34 ഇടവക വാർത്തകൾ

# പ്രാർത്ഥനാശംസകൾ...

**പ്രഥമ വ്രതവാഗ്ദാനത്തിന്റെ പ്ലാറ്റിനം ജൂബിലിയും നവതിയും**
**ആഘോഷിക്കുന്ന ബഹു. പ്ലാസിഡമ്മയ്ക്കും**
**നവതിയാഘോഷിക്കുന്ന ബഹു. ഫെബ്രോണിയാമ്മയ്ക്കും**
**രജതജൂബിലിയാഘോഷിക്കുന്ന ബഹു. ലീജാമ്മയ്ക്കും**
**മെത്രാപ്പോലീത്തൻ ഇടവക കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ**



റവ. സി. പ്ലാസിഡ് CMC



റവ. സി. ഫെബ്രോണിയ CMC



റവ. സി. ലീജ CMC

**മ്ശംശാനപട്ടം സ്വീകരിച്ച ഡീക്കൻ റൊമാരിയോ ഇടശ്ശേരിപ്പറമ്പിനും**
**ഹെവ്പ്പദ്യാക്കോനാപട്ടം (സബ് ഡീക്കൻ) സ്വീകരിച്ച ചെറിയാൻ അഴീപ്പറമ്പിലിനും**
**കാറോയാപട്ടം സ്വീകരിച്ച ജോസഫ് വട്ടക്കളത്തിനും**
**ഇടവക കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...**



Dn. റൊമാരിയോ
ഇടശ്ശേരിപ്പറമ്പിൽ



Bro. ചെറിയാൻ
അഴീപ്പറമ്പിൽ



Bro. ബ്ലസൺ വട്ടക്കളം




# മുഖമൊഴി

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

അവധി കഴിയാറായി, ഇനി പുതിയ തുടക്കത്തിനായുള്ള കാത്തിരിപ്പ്. SSLC, +2 പരീക്ഷകളിൽ നമ്മുടെ കുട്ടികൾ മികച്ച പ്രകടനം തന്നെയാണ് കാഴ്ചവച്ചത്. അവരുടെ ഇപ്പോഴത്തെ ടെൻഷൻ ഏതു സ്കൂൾ കിട്ടുമെന്നതാണ്. സൺഡേ സ്കൂളിലും പള്ളി സംഘടിപ്പിച്ച ക്യാമ്പുകളിലും പങ്കെടുത്തിരുന്നുവെങ്കിൽ മാനേജ്മെൻറ് ഫോമിൽ പൂരിപ്പിക്കാൻ എന്തെങ്കിലുമൊക്കെ ആയേനെയെന്ന് ചിലർ ഇപ്പോൾ ചിന്തിക്കുന്നുണ്ട്.

ചിലർക്ക് സന്തോഷം! കാരണം, മഴ തകർക്കുന്നു. സ്കൂൾ തുറക്കുന്നതിനുമുമ്പേ അവധി കിട്ടുമെന്നാണ് അവരുടെ വിചാരം. അത് എന്തുമാകട്ടെ, നമ്മുടെ ചിന്താവിഷയം ഇതൊന്നുമല്ല. ഇത്തവണത്തെ നമ്മുടെ ഇടയന്റെ പ്രത്യേകമായ ചിന്ത ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവാണ് - ആരാധനയുടെ മനുഷ്യൻ. ദൈവസാന്നിധ്യത്തെ അനേകരിലേക്ക് എത്തിക്കാൻ അക്ഷീണം പ്രയത്നിച്ച പിതാവിന്റെ ജീവിതം നമ്മളെ പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്; എപ്പോഴും ദൈവസാന്നിധ്യാവബോധത്തിൽ ജീവിക്കുക എന്നത്. നിരന്തരമായ ദൈവാശ്രയബോധവും ദൈവസാന്നിധ്യസ്മരണയുമാണ് വന്ദ്യപിതാവിന്റെ മഹത്ത്വം. കുര്യാളശ്ശേരി പിതാവിന്റെയും ഷന്താളമ്മയുടെയും സ്വപ്നമായ ആരാധനാ സന്യാസിനീ സമൂഹം അവരുടെ അതേ ചൈതന്യത്തിൽ ഇന്ന് അനേകരിലേക്ക് ദിവ്യകാരുണ്യ നാഥനെ എത്തിക്കുന്നതിൽനിന്ന് വിരമിച്ചിട്ടില്ല. സഭയ്ക്ക് ചെയ്യുന്ന അവരുടെ സുവിശേഷ പ്രഘോഷണത്തെ ദൈവതിരുമുമ്പിൽ ഓർക്കുന്നു.

ഈശോയിൽ നിന്ന് അകലുന്ന ഒരു സമൂഹം ഇന്ന് നമ്മുടെ ഇടയിൽ വർദ്ധിച്ചുവരുന്നു. പള്ളിയോടും പള്ളിക്കാര്യത്തിലും കൂദാശയോടും കൗദാശിക ജീവിതത്തോടും താല്പര്യമില്ലാതെയും ജീവിക്കുന്ന ചിലരെങ്കിലുമുണ്ട്. ഇക്കൂട്ടരുടെ ശ്രദ്ധ ഭൗതികമായ കാര്യങ്ങളിൽ മാത്രമാണ്. അത്ഭുതങ്ങളുടെ പുറകെ പോകുന്നത് ഇത്തരത്തിലുള്ളവരാണ്. അവർക്ക് വിശ്വാസത്തിന്റെ ആഴം കുറവായിരിക്കും. വിശ്വാസമുള്ളിടത്തേ ദൈവത്തിന് പ്രവർത്തിക്കാൻ സാധിക്കൂ എന്ന് ഇവർ മനസ്സിലാക്കാതെ പോകുന്നു. ആഴമുള്ള വിശ്വാസത്തിന് ആഴത്തിലുള്ള ദൈവഭക്തി ആവശ്യമാണ്. ഈശോ തന്റെ ശിഷ്യരോട് ആവശ്യപ്പെട്ടതും ഇത്രമാത്രം: ''ഉണർന്നിരുന്ന് പ്രാർത്ഥിക്കുക'' (മത്താ 26:41-42).

ദൈവസാന്നിധ്യത്തിൽ ഉണർവോടും സന്തോഷത്തോടുംകൂടെ പ്രാർത്ഥിക്കുവാൻ നിരന്തരമായ ജാഗരണം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണമെന്നും കുര്യാളശ്ശേരിപ്പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

നിങ്ങളുടെ സ്വന്തം,

**ജെറിനച്ചൻ,** ചീഫ് എഡിറ്റർ



## വികാരിയച്ചന്റെ സന്ദേശം

# ഉത്തമ ഗുരുവായ കുര്യാളശ്ശേരിപ്പിതാവ്

''സകലതും ക്രിസ്തുവിൽ നവീകരിക്കുക'' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് അനേകരെ നന്മയിലേക്ക് കൈപിടിച്ചാനയിച്ച ഒരു ആചാര്യശ്രേഷ്ഠനായിരുന്നു വന്ദ്യ കുര്യാളശ്ശേരിപ്പിതാവ്. സുകൃത ധന്യമായ അദ്ദേഹത്തിന്റെ ജീവിതം അനേകരെ ഔന്നത്യത്തിലേക്ക് ആനയിച്ചു. സാഹിത്യകാരനായ ശ്രീ. പി.കെ. രാമൻപിള്ള വന്ദ്യ പിതാവിന്റെ ഒരു വാങ്മയചിത്രം അവതരിപ്പിക്കുന്നുണ്ട്: ''സത്യ നിഷ്ഠകൊണ്ട് ഹരിചന്ദ്രമഹാരാജാവിനോടും കൃത്യശ്രദ്ധകൊണ്ട് ജോർജ്ജ് രാജാവിനോടും ശിഷ്യസമ്പത്തുകൊണ്ട് ക്രിസ്തുഭഗവാന്റെ ശിഷ്യരോടും സ്വദേശസ്നേഹം, സഹനസ്വഭാവം ഇവകൊണ്ട് സോക്രട്ടീസിനോടും ഭൂതദയ കൊണ്ട് ശ്രീബുദ്ധനോടും കുര്യാള ശ്ശേരിപ്പിതാവിനെ ഉപമിക്കാം.''

ചെറുപ്പത്തിൽത്തന്നെ റോമിലെ പ്രശസ്തമായ പ്രൊപ്പഗാന്താ കോളേജിൽനിന്ന് ഉന്നത വിദ്യാഭ്യാസം നേടിയ അഭിവന്ദ്യ പിതാവ്

ഉത്തമ വിദ്യാഭ്യാസത്തിലൂടെ ജനത്തെ സമുദ്ധരിക്കാൻ അത്യുധ്വാനം ചെയ്തു. ഒട്ടനവധി സ്കൂളുകൾ, പ്രത്യേകിച്ച് പെൺപള്ളിക്കൂടങ്ങൾ സ്ഥാപിച്ചുകൊണ്ട് സമൂഹത്തെ മുഴുവനും ഉദ്ധരിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. പെൺകുട്ടികൾക്ക് അക്ഷരാഭ്യാസം മാത്രമല്ല; തയ്യൽ, ചിത്രമെഴുത്ത്, സംഗീതം തുടങ്ങിയ പരിശീലനം നടത്തി ഉത്തമകുടുംബിനികളാക്കാനുള്ള സംവിധാനങ്ങളൊ രുക്കി. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഭൗതികപരിശീലനം മാത്രമല്ല ആത്മീയവും സന്മാർഗികവുമായ ആയ അഭ്യസനവുമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹം എഴുതി: ''എഴുതുവാനും വായിക്കുവാനും കൂട്ടാനും കുറയ്ക്കാനും നിങ്ങൾ നിങ്ങളുടെ കുട്ടികളെ ശീലിപ്പിക്കുമ്പോൾ വേദകാര്യം മറന്നുപോകുന്നെങ്കിൽ ആഭാസന്മാരുടെ ഒരു സമൂഹത്തെ നിങ്ങൾ വളർത്തുകയാണ് ചെയ്യുന്നത്.''

മധ്യതിരുവിതാംകൂറിലെ ഉന്നതവിദ്യാഭ്യാസചരിത്രം ആരംഭിക്കുന്നത് വന്ദ്യ കുര്യാളശ്ശേരി പിതാവിന്റെ പ്രവർത്തനം വഴിയായിരുന്നുവെന്ന് ഇന്ന് പലർക്കും അറിഞ്ഞുകൂടാ. 1920ൽ മധ്യതിരുവതാംകൂറിൽ ഒരു ഗവണ്മെന്റ് കോളേജ് തുടങ്ങുവാൻ ശ്രീമൂലം പ്രജാസഭ തീരുമാനമെടുക്കുകയുണ്ടായെങ്കിലും വലിയ സാമ്പത്തിക ബാധ്യതയുള്ളതിനാൽ അത് മുന്നോട്ടുപോകാതിരുന്ന സാഹചര്യത്തിൽ അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ് 1922 ൽ സെന്റ് ബെർക്കുമാൻസ് കോളേജ് സ്ഥാപിക്കുകയുണ്ടായി. 1925 ഒരു സമ്പൂർണ്ണ രണ്ടാം ഗ്രേഡ് കോളേജ് ഉയർന്ന ഈ സ്ഥാപനംവഴി മധ്യതിരുവിതാംകൂറിൽ ഒരു വിദ്യാഭ്യാസ വിപ്ലവത്തിനുതന്നെ തുടക്കം കുറിച്ചു. കോളേജ് ആരംഭിച്ചശേഷം അദ്ദേഹം നടത്തിയ ഒരു പ്രസംഗത്തിൽ ഈ കോളേജിനെക്കാളും നമുക്കിന്ന് ആവശ്യം ഓരോ ഇടവകയിലും കുട്ടികളുടെ മതപഠനത്തിന് വേദപാഠശാലകൾ ഉണ്ടാക്കുന്നതാണ് എന്ന് പ്രസ്താവിച്ചുകൊണ്ട് ആത്മീയബോധനത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുകയുണ്ടായി. കോളേജ് സ്ഥാപിച്ച അദ്ദേഹം ചങ്ങനാശ്ശേരി



"സത്യനിഷ്ഠ കൊണ്ട് ഹരിചന്ദ്രമഹാരാജാവിനോടും കൃത്യശ്രദ്ധകൊണ്ട് ജോർജ്ജ് രാജാവിനോടും ശിഷ്യസമ്പത്തുകൊണ്ട് ക്രിസ്തുഭഗവാന്റെ ശിഷ്യരോടും സ്വദേശസ്നേഹം, സഹനസ്വഭാവം ഇവകൊണ്ട് സോക്രട്ടീസിനോടും ഭൂതദയ കൊണ്ട് ശ്രീബുദ്ധനോടും കുര്യാളശ്ശേരിപ്പിതാവിനെ ഉപമിക്കാം."



അരമനയോടനുബന്ധിച്ച് നടത്തിയിരുന്ന മൈനർ സെമിനാരി കോട്ടയത്ത് അദ്ദേഹം വാങ്ങിയ 16 ഏക്കർ സ്ഥലത്ത് മാറ്റി സ്ഥാപിക്കുകയുണ്ടായി. തുടർന്ന് മേജർ സെമിനാരിക്കുവേണ്ടി പാറേൽപ്പള്ളിക്ക് സമീപം ഒരു കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു.

മാർത്തോമാ ദാസസംഘം സ്ഥാപിച്ചുകൊണ്ട് അൽമായ പ്രേഷിതപ്രസ്ഥാനവും, എം.സി.വൈ.എൽ, കത്തോലിക്ക കോൺഗ്രസ് എന്നിവ സ്ഥാപിച്ചുകൊണ്ട് യുവജന, സാമുദായിക പ്രസ്ഥാനങ്ങളും വളർത്തുന്നതിൽ അദ്ദേഹം നേതൃത്വം വഹിച്ചു. വേദപ്രചാരണത്തിനും പുനരൈക്യപ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി. സഭൈക്യപ്രവർത്തനങ്ങൾക്ക് അദ്ദേഹം നിയോഗിച്ച ഫാ. ഡൊമിനിക് തോട്ടശ്ശേരിയുടെ തിരുവല്ലയിലെ ചെറുവസതിയാണല്ലോ പിന്നീട് തിരുവല്ലാ മെത്രാസന പള്ളിയായി രൂപാന്തരം പ്രാപിച്ചത്! 99 ലെ വെള്ളപ്പൊക്കത്തിൽ അവശത അനുഭവിക്കുന്നവരെ ചങ്ങനാശ്ശേരിയിലേയ്ക്കാനയിക്കാൻ രക്ഷാദൂതനായി അദ്ദേഹം അയച്ചതും ബഹു. തോട്ടശ്ശേരി അച്ചനെയായിരുന്നു എന്നും നമുക്ക് ഓർക്കാം.

മദ്യപാനം, ധൂർത്ത്, ആഡംബരം തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ അദ്ദേഹം പടപൊരുതി. ഉച്ചനീചത്വങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തിൽ ''പുതുക്രിസ്ത്യാനികളും പഴയ ക്രിസ്ത്യാനികളും കർത്താവിനു മുമ്പിൽ ഭേദമില്ലാത്തവരാകയാകയാൽ'' അവർക്ക് ദേവാലയത്തിൽ തുല്യസ്ഥാനം കൊടുക്കണമെന്നുമുള്ള വിപ്ലവകരമായ ആഹ്വാനവും അദ്ദേഹത്തിൽനിന്നുണ്ടായി.

> "മദ്യപാനം, ധൂർത്ത്, ദുർവ്വ്യയം തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ അദ്ദേഹം പടപൊരുതി. ഉച്ചനീചത്വങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തിൽ 'പുതുക്രിസ്ത്യാനികളും പഴയ ക്രിസ്ത്യാനികളും കർത്താവിനു മുമ്പിൽ ഭേദമില്ലാത്തവരാകയാകയാൽ' അവർക്ക് ദേവാലയത്തിൽ തുല്യസ്ഥാനം കൊടുക്കണമെന്നുമുള്ള വിപ്ലവകരമായ ആഹ്വാനവും അദ്ദേഹത്തിൽ നിന്നുണ്ടായി."

നസ്രാണിദീപിക, സത്യനാദം തുടങ്ങിയ പത്രങ്ങളും; കർമ്മല കുസുമം, കത്തോലിക്ക ദൂതൻ തുടങ്ങിയ മാസികകളും വായിച്ച് പ്രബുദ്ധരാകാൻ ആ നല്ല ഇടയൻ ആഹ്വാനം ചെയ്തു.

സർവ്വോപരി, 1908 ൽ അദ്ദേഹം സ്ഥാപിച്ച പരിശുദ്ധ കുർബാന യുടെ ആരാധനാ സന്യാസിനീസഭ തന്റെ വിദ്യാഭ്യാസ ആത്മീയ ദർശനങ്ങൾ ഇന്നും തുടർന്നുകൊണ്ടുപോകുന്നു.

ചുരുക്കത്തിൽ, ഭൗതികവും ആത്മീയവും ധാർമികവുമായ വിദ്യ കൊണ്ട് ഒരു കാലഘട്ടത്തിലെ ജനങ്ങളെ മുഴുവനും പ്രബുദ്ധരാക്കുകയും തലമുറകളിലൂടെ ആ പാത തുടരാനുള്ള സംവിധാനങ്ങളൊരുക്കുകയും ചെയ്ത ക്രാന്തദർശിയായ ഉത്തമഗുരുവായിരുന്നു ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവ്. വന്ദ്യ പിതാവിന്റെ ചരമ ശതാബ്ദിയിലേക്ക് അടുക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ നാമകരണനടപടികൾ കാലവിളംബം കൂടാതെ പൂർത്തിയാകാൻ സർവ്വേശ്വരനോട് നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**



# നിശാരാധന

**എല്ലാ ശനിയാഴ്ചകളിലും**
**വൈകുന്നേരം 7 മുതൽ 8 മണിവരെ**
**റംശയും ആരാധനയും**

**എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 11.30 ന്**
**ആരാധനയും തുടർന്ന് പരി. കുർബാനയും**



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ദിവ്യകാരുണ്യത്തിന്റെ ഉപാസകൻ

**സി. മെരിയറ്റാ കണ്ണംപുഴ SABS**
**തൃശ്ശൂർ പ്രൊവിൻസ്**



**ധന്യൻ** മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ പൗരോഹിത്യത്തിന്റെ 125-ാം വർഷം 2024 മെയ് 27-ന് അനുസ്മരിക്കപ്പെടുന്ന ഈ അനുഗൃഹീതവേളയിൽ കാലത്തിന് മറക്കാനാവാത്ത പുണ്യജീവിതത്തിന്റെ ജ്വലിക്കുന്ന ഓർമ്മകൾ നമുക്ക് സമ്മാനിച്ച ആ പുണ്യപിതാവിന്റെ ജീവിതവഴികളിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തുക ഉചിതമാണ്. ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാനും വി. കുർബാനയുടെ ആരാധനാസന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുമായ കുര്യാളശ്ശേരി തോമ്മാച്ചന്റെ ആഴമേറിയ വിശ്വാസജീവിതത്തിൽനിന്ന് ഉയിർക്കൊണ്ട പൗരോഹിത്യ ദൈവവിളിയുടെ വഴികൾ നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്.

## കളിവിനോദങ്ങളുടെ ബാല്യകാലം

മണ്ണുകൊണ്ട് ബലിപീഠമുണ്ടാക്കി, വിശുദ്ധ കുർബാനയർപ്പിച്ച് ദൈവികവഴികളിലേയ്ക്ക് നയിക്കപ്പെട്ട ചെറുബാലന്റെ ജീവിതം. തന്റെ ഹൃദയത്തിൽ ദൈവം പാകിയ ദൈവവിളിയുടെ വിത്ത് മുളയെടുക്കാൻ ദൈവപിതാവ് ഒരുക്കിയ പദ്ധതികൾ നന്നേ ചെറുപ്പത്തിലെ

കുഞ്ഞുതോമ്മച്ചനിൽ പ്രകടമായിരുന്നു. വൈദികനായിരുന്ന ചിറ്റപ്പനൊപ്പം ചെറുപ്രായത്തിൽ തന്നെ അൾത്താരയിൽ ശുശ്രൂഷ ചെയ്തും ഭക്തിനിർഭരമാംവിധം നമസ്കാരങ്ങൾ ചൊല്ലിയും ദൈവസ്നേഹാഗ്നിയുടെ കിരണങ്ങളാൽ ജീവിതത്തെ പ്രകാശിതമാക്കിയ കുഞ്ഞുതോമാച്ചൻ. ദൈവം ഹൃദയത്തിൽ മുദ്രചാർത്തി സ്വന്തമാക്കിയ കുഞ്ഞുതോമാച്ചന്റെ ജീവിതം ഒരു കണ്ണാടിയിലെന്നപോലെ നമുക്കുമുമ്പിൽ തെളിഞ്ഞുനിൽക്കുമ്പോൾ, അൾത്താരയിൽ കൂട്ടുകൂടാൻ ആഗ്രഹിക്കുന്ന ഈ വിശുദ്ധ ജന്മത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവത്തിന്റെ പ്രവൃത്തികൾ എത്ര അമൂല്യമാണ് എന്ന് നാം തിരിച്ചറിയുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികവിദ്യാർത്ഥിയായി പഠനം ആരംഭിച്ച തോമ്മാച്ചന് വിശുദ്ധ കുർബാനയോളം പരി. അമ്മയോടുള്ള ഭക്തിയിൽ വളരാൻ മാന്നാനത്തെ വിദ്യാഭ്യാസകാലഘട്ടം സഹായിച്ചു. വൈദികജീവിതത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ തീരുമാനിച്ച് മാന്നാനം ആശ്രമത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, അഭിവന്ദ്യ ലവീഞ്ഞു മെത്രാൻ കുഞ്ഞുതോമ്മാച്ചനെ വൈദിക പഠനത്തിനായി റോമിലേയ്ക്ക് അയച്ചു. റോമിലെ പ്രൊപ്പഗാന്ത കോളേജിലെ പഠനം പൂർത്തിയാക്കി 1899 മെയ് 27-ാം തീയതി റോമിലെ സെന്റ് ജോൺ ലാറ്ററൻ ദൈവാലയത്തിൽവെച്ച് കർദ്ദിനാൾ കസേന്ത തിരുമേനിയിൽനിന്ന് കുര്യാളശ്ശേരി തോമ്മാച്ചൻ വൈദിക പട്ടം സ്വീകരിച്ചു. മെയ് 28-ാം തീയതി ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനായ വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുശേഷിപ്പ് സൂക്ഷിച്ചിട്ടുള്ള റോമിലെ ജെസു' ദൈവാലയത്തിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു.

കത്തോലിക്കാസഭയുടെ വിശ്വാസപൈതൃകത്തിന്റെ കേന്ദ്രമായ റോമാനഗരിയിലെ പഠനവും പരിശുദ്ധ പിതാക്കന്മാരുടെ ആഴമായ ചിന്തകളും ഒപ്പിയെടുക്കാൻ തോമ്മാച്ചൻ ഉത്സുകനായിരുന്നു.



വി. പത്താം പിയൂസ് പാപ്പായുടെ ദർശനങ്ങൾ സ്വന്തമാക്കിയ കുര്യാളശ്ശേരി തോമ്മാച്ചൻ പാപ്പായുടെ "ക്രിസ്തുവിൽ എല്ലാം നവീകരിക്കുക" എന്ന ആദർശസൂക്തം തന്റെ സ്വന്തമാക്കിക്കൊണ്ട് തന്റെ

"
ദിവ്യകാരുണ്യ ഈശോ യെപ്പോലെ വാഴ്ത്തി, വിഭജിച്ച്, അനുഗ്രഹിച്ച് മറ്റുള്ളവർക്ക് സ്വയം നല്കി അവരിൽ ദൈവ രാജ്യം വളർത്തി ദൈവത്തെ മഹത്ത്വപ്പെ ടുത്തുക, അവരിലേയ്ക്ക് അനശ്വരമായ ജീവൻ നല്കുന്നവനെ പകർ ന്നുകൊടുത്ത് എന്റെ ഈ കൊച്ചുജീവിതത്തെ ധന്യമാക്കണം എന്ന വലി യ ബോധ്യത്തിലേയ്ക്ക വളരാൻ ആരാധനാമണി ക്കൂറുകൾ തോമ്മാച്ചനെ സഹായിച്ചു. ആ തീക്ഷ് ണത വൈദികജീവിതത്തി ലും ഇടയശ്രേഷ്ഠനെന്ന നിലയിലും പ്രോജ്ജ്വലിപ്പി ക്കുവാൻ കുര്യാളശ്ശേരി യച്ചന് കഴിഞ്ഞു.


പ്രഥമ ഇടയലേഖനത്തിൽ ദൈവജനത്തി ന്റെ ജീവിതനവീകരണത്തിനുള്ള തന്റെ നിയോഗവും ആഗ്രഹവും പ്രകടിപ്പിച്ചു.

സവിശേഷമായവിധം ദൈവാത്മാവി ന്റെ ഇടപെടലുകൾ തോമ്മാച്ചനിൽ ഉണ്ടാ യപ്പോൾ പരി. കുർബാനയുടെ ഉപാസക നായി തീരുവാനുള്ള നിയോഗങ്ങൾക്ക് വഴിതെളിഞ്ഞു. റോമിൽ വൈദിവിദ്യാർ ത്ഥിയായിരുന്ന കാലത്ത് ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയർപ്പിക്കുന്ന ഒരു സന്യാസിനീസമൂഹത്തിന്റെ ചാപ്പലിൽ നിത്യേന ആരാധനയ്ക്കായി എത്തുവാൻ തോമ്മാച്ചന് ദൈവം അവസരമൊരുക്കി. താൻ പഠിക്കുന്ന ദൈവശാസ്ത്രവിഷയ ങ്ങളുടെ ഗഹനമായ ദൈവികചിന്തകൾ ആരാധനാവേളയിൽ അവിശ്വസനീയമായ ദൈവാനുഭവം തോമ്മാച്ചന് പകരുന്നവ യായിരുന്നു. ഒരു വിശുദ്ധനായ വൈദി കൻ ക്രിസ്തുവിനെപ്പോലെ നന്മ ചെയ്തു ജീവിക്കേണ്ടവനാണ്. മറ്റുള്ളവരിലേയ്ക്ക് ദൈവികത പകരുക എന്നതാണ് വിശുദ്ധി. ദിവ്യകാരുണ്യ ഈശോയെപ്പോലെ വാഴ് ത്തി, വിഭജിച്ച്, അനുഗ്രഹിച്ച് മറ്റുള്ളവർക്ക് സ്വയം നല്കി അവരിൽ ദൈവരാജ്യം വളർത്തി ദൈവത്തെ മഹത്ത്വപ്പെടുത്തുക, അവരിലേയ് ക്ക് അനശ്വരമായ ജീവൻ നല്കുന്നവനെ പകർന്നുകൊടുത്ത് എന്റെ ഈ കൊച്ചുജീവിതത്തെ ധന്യമാക്കുക എന്ന വലിയ ബോധ്യത്തി ലേയ്ക്ക വളരാൻ ആരാധനാമണിക്കൂറുകൾ തോമ്മാച്ചനെ സഹാ യിച്ചു. ആ തീക്ഷ്ണത വൈദികജീവിതത്തിലും ഇടയശ്രേഷ്ഠനെന്ന നിലയിലും പ്രോജ്ജ്വലിപ്പിക്കുവാൻ കുര്യാളശ്ശേരിയച്ചന് കഴിഞ്ഞു. '' വിശുദ്ധ കുർബാനയെ ആരാധിക്കുന്ന ഒരു ഗണം കന്യകമാർ കേ രളക്കരയിലും ഉണ്ടാകണം'' എന്ന അദമ്യമായ ഈ ആഗ്രഹം സ്വന്ത മാക്കിയ ആ സെമിനാരി പഠനകാലം തോമ്മാച്ചന്റെ ഹൃദയത്തിലും ഒരു സന്യാസസമൂഹം സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള സ്വപ്നങ്ങൾ രൂപപ്പെട്ട നാളുകളായിരുന്നു. ഒരു ചെറുവിത്തുപോലെ ദിവ്യകാരു ണ്യ ഈശോ ഹൃദയത്തിൽ പാകിയ നിയോഗം പരി. കുർബാനയു ടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപനത്തിലേയ്ക്ക് നയിച്ചതിന്റെ ചരിത്രമാണ് പിന്നീടങ്ങോട്ടു കാണുന്നത്.



റോമാനഗരത്തോട് വിടപറഞ്ഞ് പോന്നപ്പോൾ ആ വന്ദ്യപുരോഹിതൻ കൂടെ കൊണ്ടുപോന്ന അമൂല്യസമ്പത്താണ് ആരാധനാസന്യാസിനീ സമൂഹത്തിന്റെ സ്ഥാപനമെന്ന സ്വപ്നം. താൻ സ്വന്തമാക്കിയ വിത്തിന്റെ ഗുണഗണങ്ങൾക്ക് കാലപ്പഴക്കം വരാതെ, വളക്കൂറുള്ള ചമ്പക്കുളത്തിന്റെ മണ്ണിൽ - തന്റെ ജന്മഭൂമിയിൽ തന്നെ - പാകുവാൻ കുര്യാളശ്ശേരിൽ തോമ്മാച്ചനു കഴിഞ്ഞു. ഈ വിത്തിന്റെ മുകുളങ്ങളെ പരിപോഷിപ്പിക്കാൻ ഏറെ ത്യാഗങ്ങൾ ഏറ്റെടുത്ത തോമ്മാച്ചൻ തനിക്ക് പിതൃസ്വത്തായി ലഭിച്ച ഈ ഭൂമിയിൽത്തന്നെ ദിവ്യകാരുണ്യ ഈശോയെ ആരാധിക്കുന്ന കന്യകമാർക്കുവേണ്ടിയുള്ള ആരാധനാലയവും ആദ്യമഠവും പണികഴിച്ചു.

പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കാലിത്തൊഴുത്തിലും പീടികയിലെ കുര്യൻ വർക്കിയുടെ വള്ളപ്പുരയിലും എളിമയുടെയും ദാരിദ്ര്യത്തിന്റെയും പാഠങ്ങൾ അഭ്യസിക്കുവാനും അറിവില്ലായ്മയിൽനിന്ന് ഉത്ഭവിച്ചതാണെന്ന് പഠിപ്പിച്ച പിതാവിന്റെ 4-ാം നമ്പർ ഇടയലേഖനം ഇന്നും കുട്ടികളുടെ ശിക്ഷണത്തെ സംബന്ധിച്ച് നാം പുലർത്തേണ്ട മനോഭാവങ്ങളിലേക്ക് വെളിച്ചം വീശുന്നു. തിരുസഭയാകുന്ന കൂട്ടായ്മയോടും കൂദാശാജീവിതത്തോടുള്ള ഭക്തിയിലൂടെയും രൂപപ്പെടുന്ന തലമുറ കുടുംബത്തിന്റെയും സമുദായത്തിന്റെയും സഭയുടെയും അനുഗ്രഹത്തിന് കാരണമാകുന്നു.

## പരിശുദ്ധ അമ്മയോടുള്ള ഭക്തി

''ഇതാ കർത്താവിന്റെ ദാസി'' എന്ന സമർപ്പണമൊഴികളിലൂടെ രക്ഷകനായ ഈശോയുടെ അമ്മയായിത്തീർന്ന പരിശുദ്ധ അമ്മയോടുള്ള ഭക്തിക്ക് പിതാവ് ഊന്നൽ നല്കി. മരിയൻ ആധ്യാത്മികതയുടെ വിശദാംശങ്ങൾ പരി. അമ്മയുടെ ഓരോ തിരുനാളിനു മുമ്പും ഇടയലേഖലനങ്ങളിലൂടെ വിവരിക്കുവാൻ പിതാവ് വളരെയധികം ശ്രദ്ധിച്ചു. ദൈവത്തിന്റെ അതിപരിശുദ്ധ മാതാവും നമ്മുടെ കരുണയുള്ള അമ്മയുമായിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തെ സ്നേഹിക്കുന്നവർ ഒരിക്കലും നിത്യശിക്ഷാവിധിയിൽ ഉൾപ്പെടുകയില്ല (ഇടയലേഖനം 83). കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ച (ലൂക്കാ 2:19) പരി. അമ്മയോടു ചേർന്ന് സന്തോഷവും സംതൃപ്തിയും നൽകുന്ന വചനോപാസനയിലൂടെ തായ്ത്തണ്ടായ ഈശോയോട് ചേർന്ന് വിശ്വാസജീവിതത്തിൽ ഉറപ്പിക്കപ്പെടുവാനും തിരുപ്പുത്രനോടും പരിശുദ്ധ അമ്മയോടും ചേർന്ന് വിശ്വാസജീവിതത്തെ ദൃഢപ്പെടുത്താനും ഈ ഇടയശ്രേഷ്ഠൻ ദൈവജനത്തെ പരിശീലിപ്പിച്ചു.



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് പൗരോഹിത്യ ശതോത്തര രജതജൂബിലി

**സി. റോസ് അൽഫോൻസ്, എറണാകുളം പ്രൊവിൻസ്**

*"എത്ര സമുന്നതമിന്നു പുരോഹിതാ*
*നീ ഭരമേറ്റ വിശിഷ്ടസ്ഥാനം"*

125 വർഷങ്ങൾക്കുമുമ്പ് മിശിഹായുടെ നിത്യപുരോഹിതനായി അഭിഷിക്തനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിനെ അനുസ്മരിക്കുമ്പോൾ സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും നന്ദിയുടെയും വികാരങ്ങളാണ് മനസ്സിലുണർത്തുന്നത്. 1899 മെയ് 27, റോമിലെ സെന്റ് ജോൺ ലാറ്ററൽ ബസലിക്കായിൽ നടന്ന ആഘോഷമായ തിരുക്കർമ്മങ്ങൾക്ക് ഒരു അതിസ്വാഭാവികത്വം ദർശിക്കുവാൻ അവിടെ കൂടിയിരുന്നവർക്കു കഴിഞ്ഞില്ല. എന്നാൽ തന്റെ കൈവയ്പ്പു ശുശ്രൂഷയിലൂടെ പൗരോഹിത്യപദവിയിലേക്ക് ഉയർത്തപ്പെട്ട ഈ



വൈദികൻ 12 വർഷം കഴിയുന്നതിനു മുമ്പ് ഒരു മെത്രാനാകുമെന്ന് തദവസരത്തിൽ കർദ്ദിനാൾ കസേന്താ ഫ്രാൻചെസ്കോ ഡി പൗളാ പറഞ്ഞു. ആ പ്രവചനം 1911 ഡിസംബർ 3 ന് ബഹു. തോമാച്ചൻ ചങ്ങനാശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കായായി അഭിഷേകം ചെയ്യപ്പെട്ടപ്പോൾ യാഥാർത്ഥ്യമായി. 2004 മെയ് 27 ഈ ധന്യപിതാവിന്റെ ഗുരുപട്ട സ്വീകരണത്തിന്റെ 125-ാം വാർഷികം നാം ആചരിക്കുന്നു. ധന്യമായ ആ ജീവിതവഴിത്താരയിലേയ്ക്ക് നമുക്കൊന്ന് കടന്നുചെല്ലാം.

## പൗരോഹിത്യത്തിലേയ്ക്കുള്ള ചുവടുവയ്പ്

കുഞ്ഞുതോമാച്ചൻ എന്ന ഓമനപേരിൽ അറിയപ്പെട്ടിരുന്ന കെ.സി. തോമസ് ചമ്പക്കുളത്തു ചങ്ങനാശേരി ഗവണ്മെന്റ് സ്കൂളിലും പ്രാഥമിക വിദ്യാഭ്യാസം നടത്തിയതിനുശേഷം മാന്നാനം സെന്റ് എഫ്രേം സ്കൂൾ ചേർന്ന് പഠനം തുടർന്നു. അവിടെവച്ച് തോമാച്ചനുണ്ടായ പ്രത്യേക ദൈവാനുഭവമാണ് ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാനുള്ള തന്റെ തീരുമാനത്തെ ഉറപ്പിച്ചത്. 1888 മെയ് മാസം, തന്റെ 15-ാമത്തെ വയസ്സിൽ, സൂര്യാസ്തമയം ദർശിച്ച തോമാച്ചൻ, ജീവിതത്തിന്റെ നൈമിഷികതയെപ്പറ്റി ചിന്തിച്ച്, തന്റെ കൊച്ചുജീവിതം ദൈവത്തിനും ദൈവജനത്തിനുംവേണ്ടി ഒരു ഹോമബലിയായി അർപ്പിക്കുവാൻ തീരുമാനിച്ചു. ദൈവസ്നേഹത്തിൽ നിന്നും ആ കരവലയത്തിൽനിന്നും വഴിവിട്ടുപോയ മനുഷ്യകുലത്തെ രക്ഷിക്കുവാൻ വേണ്ടി, നുറുങ്ങിയും പൊടിഞ്ഞും ബലിയാടാകുന്ന ദിവ്യകാരുണ്യനാഥന്റെ ചിത്രം തോമാച്ചന്റെ മനസ്സിൽ തെളിഞ്ഞുനിന്നു. ദിവ്യകാരുണ്യമാകാതെ ദിവ്യകാരുണ്യം ഏകാനാവില്ല എന്ന് തോമാച്ചൻ ഉറച്ചുവിശ്വസിച്ചു.

## വൈദികപരിശീലനം

1890 ജനുവരി 18 ന് കോട്ടയം വികാരി അപ്പസ്തോലിക്ക ആയിരുന്ന മാർ ചാൾസ് ലവീഞ്ഞ് മെത്രാൻ, തോമാച്ചന് സ്ഥൈര്യലേപനവും ആസ്തപാടു പട്ടവും നൽകി വൈദികപഠനത്തിനായി റോമിലേയ്ക്ക് അയച്ചു. തന്റെ സുകൃതജീവിതത്താൽ ഏവർക്കും സ്വീകാര്യനായതുകൊണ്ട് തോമാച്ചനെ വൈദികപഠനത്തിനായി റോമിലേയ്ക്ക് വിടുന്നതിന് മാന്നാനം ആശ്രമത്തിലെ വൈദികർ ലവീഞ്ഞ് പിതാവിനോട് ശിപാർശ ചെയ്തു. റോമിലെ പ്രൊപ്പഗാന്ത തിരുസംഘത്തിന്, ചാൾസ് ലവീഞ്ഞ് പിതാവ് എഴുതിയ കത്തിൽ ‘‘ഈ യുവാവ് ഭാവിയിൽ സഭയ്ക്ക് വിശ്വസ്തതയോടെ സേവനം ചെയ്യുമെന്ന് തനിക്ക് ഉറപ്പുണ്ട്’’ എന്ന് രേഖപ്പെടുത്തിയിരുന്നു. തന്റെ ഹൃദയത്തിൽ മുളയെടുത്ത പരി. കുർബാനയുടെ ഭക്തിയിൽ വള

രുവാൻ വളക്കൂറുള്ള മണ്ണിലേയ്ക്ക് ഒരു പറിച്ചുനടീൽ ആയിരുന്നു റോമിലെ അദ്ദേഹത്തിന്റെ വൈദികപരിശീലനകാലഘട്ടം. ഉണർവുള്ള യുവാവ്, കൊച്ചുപുണ്യവാൻ എന്നീ പേരുകളിലാണ് തോമാച്ചൻ സെമിനാരിയിൽ അറിയപ്പെട്ടിരുന്നത്. പ്രൊപ്പഗാന്ത കോളേജ് റെക്ടർ മോൺ. ഫിലിപ്പ് മരിയ കമസേയി, ലവീഞ്ഞ് പിതാവിന് അയച്ച കത്ത് തോമാച്ചന്റെ ജീവിതവിശുദ്ധിയെ എടുത്തുകാണിക്കുന്നു. ''കുര്യാളശ്ശേരി ബ. തോമാ ശെമ്മാശൻ തന്റെ പെരുമാറ്റംകൊണ്ടും നിയമങ്ങളുടെ അനുസരണം കൊണ്ടും ഭക്തികൊണ്ടും അധികാരികളോടുള്ള വിധേയത്വംകൊണ്ടും ഒരു മാലാഖ ആയിരിക്കുന്നു. മലയാളക്കരയിൽനിന്നും പ്രൊപ്പഗാന്തയിൽ പഠിക്കുന്ന യൗവനസ്ഥരുടെ കൂട്ടത്തിൽ ഒന്നാമനായിരിക്കുന്നു.''

''ഞാൻ ഭൂമിയിൽ തീ ഇടാൻ വന്നു. അത് ഇതിനകം കത്തിജ്ജ്വലിച്ചിരുന്നെങ്കിൽ'' (ലൂക്കാ 12:49). ഈ തിരുവചനം ദിവ്യകാരുണ്യ കനലായി ഹൃദയത്തിൽ ഏറ്റുവാങ്ങിയ തോമാച്ചൻ, തന്റെ ജീവിതം സമ്പൂർണ്ണ സമർപ്പണം ചെയ്യാൻ ഒരുങ്ങികൊണ്ടിരുന്നു. അവസരം കിട്ടുമ്പോഴെല്ലാം കോളേജിനു സമീപമുള്ള നിത്യാരാധനാ ചാപ്പലിൽ ആരാധിക്കാൻ പോകുന്നത് തോമാച്ചന് ഒരു ഹരമായിരുന്നു. ഈ അവസരത്തിലാണ് തോമാച്ചന്റെ മനസ്സിൽ ''ഒരു സന്യാസിനീ സമൂഹം'' സ്വപ്നം മുളയെടുത്തത്. പരി. കുർബാനയിൽ ഈശോയെ നിരന്തരം ആരാധിക്കുന്ന ഒരുകൂട്ടം കന്യകമാർ കേരളക്കരയിലും ഉണ്ടാകണമെന്ന സ്വപ്നസാക്ഷാത്കരമാണ് പിന്നീട് അദ്ദേഹം സ്ഥാപിച്ച വിശുദ്ധ കുർബാനയുടെ ആരാധനാസന്യാസിനീ സമൂഹം.



തന്റെ ഹൃദയത്തിൽ കത്തിജ്ജ്വലിച്ചിരുന്ന ദിവ്യകാരുണ്യസ്നേഹാഗ്നി ആളിക്കത്തിക്കാനായി നാട്ടിലേയ്ക്ക് പോരുന്നതിനുമുമ്പ് സെന്റ് പീറ്റേഴ്സ് ബസലിക്കായിലെ വിശുദ്ധ പത്രോസിന്റെ തൂണിൽ തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് ആഗ്രഹങ്ങൾ എഴുതിയിടാനും മറന്നില്ല. കേരളക്കരയിൽ വി. കുർബാനയ്ക്ക് സമർപ്പിതരായ ഒരു സന്യാസിനീ സമൂഹം സ്ഥാപിക്കുക, തിരുവിതാംകൂറിൽ ഒരു കോളേജ് സ്ഥാപിക്കുക, റോമിൽ കിടന്നു മരിക്കുക.



## ഡയറിക്കുറിപ്പുകൾ

സെമിനാരിപഠനകാലത്ത് ആദ്ധ്യാത്മികജീവിതത്തിൽ പുരോഗതി പ്രാപിക്കുന്നതിന് സഹായകമായ സുകൃതങ്ങൾ തന്റെ ഡയറിയിൽ കുറിച്ചിട്ടിരുന്നതായി കാണുന്നത്. ഓരോ സുകൃതവും അഭ്യസിക്കുന്നതിന് ഓരോ വിശുദ്ധരെ തോമാച്ചൻ മാതൃകയായി സ്വീകരിച്ചിരുന്നു. ഈശോയുടെ തിരുഹൃദയവും പരിശുദ്ധ അമ്മയും സഹായിക്കുന്നില്ലെങ്കിൽ താൻ ഒരിക്കലും പുണ്യത്തിലും പഠനത്തിലും അഭിവൃദ്ധിപ്പെടുകയില്ലെന്നും ഈശോയുടെ തിരുഹൃദയത്തിലുള്ള മനോവിശ്വാസമാണ് തന്റെ മൂലധനമെന്നും അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. മാസധ്യാനം, വാർഷികധ്യാനം എന്നീ അവസരങ്ങളിൽ തോമാച്ചൻ എടുത്തിരുന്ന പ്രതിജ്ഞകൾ, ദൈവം നൽകിയ അനുഗ്രഹങ്ങൾ ശാരീരികാഭിലാഷങ്ങളെ അതിജീവിച്ച് ദിവസവും അഭ്യസിച്ചിരുന്ന ഇന്ദ്രിയനിഗ്രഹങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ ആത്മീയ തീക്ഷ്ണതയെ സൂചിപ്പിക്കുന്നു. ജ്ഞാനസ്നാനത്തിൽ ലഭ്യമായ ദൈവീകജീവനെ നഷ്ടപ്പെടുത്തുവാനുള്ള ദൗർഭാഗ്യത്തിൽ താൻ ഒരിക്കലും ഉൾപ്പെടുവാൻ ഇടയായിട്ടില്ല എന്നും മനഃപൂർവ്വം ഒരു പാപദോഷംപോലും ചെയ്തതായി ഓർമ്മിക്കുന്നില്ല എന്നു ഡയറിയിൽ കുറിക്കുവാനുള്ള ആത്മധൈര്യം തോമാച്ചനുണ്ടായിരുന്നു. എല്ലാ തിരുനാളുകളിലും, പ്രത്യേകിച്ച് മാതാവിന്റെ തിരുനാളുകൾക്ക് വിശേഷാൽ ആത്മീയമായി ഒരുങ്ങിയിരുന്നു. തന്റെ വൈദികജീവിതം എപ്രകാരമുള്ളതായിരിക്കണം എന്ന് തോമാച്ചൻ മുൻകൂട്ടിക്കണ്ടു.

ആത്മീയാഭിഷേകത്താൽ നിറഞ്ഞ തോമാ ശെമ്മാശന്റെ ഒൻപതു വർഷത്തെ സെമിനാരി ജീവിതത്തെക്കുറിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങൾ അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യത്തെ എടുത്തുകാണിക്കുന്നു. 1. ശെമ്മാശന്റെ കോളേജിലെ ജീവിതം എല്ലാ മേഖലകളിലും ഏറ്റം പ്രശംസനീയം. 2. സഹപാഠികൾക്ക് ഏറ്റം പ്രിയങ്കരനായ പ്രീഫെക്ട്. 3. ദൈവാരാധനാകാര്യങ്ങളിൽ ശുഷ്കാന്തിയുള്ള ഭക്തൻ. 4. മിഷൻ പ്രവർത്തനങ്ങൾക്ക് ഏറ്റം അനുയോജ്യൻ.

റോമിൽ പഠിച്ചിരുന്ന കാലഘട്ടത്തിൽ സഹപാഠികൾ പല അവസരങ്ങളിലും ബഹു. തോമാച്ചന് മംഗളാശംസകൾ നേർന്നിരുന്നു. പൗരോഹിത്യസ്വീകരണത്തോടനുബന്ധിച്ച് ഒരു സഹപാഠി സമർപ്പിച്ച മംഗളാശംസയിൽ "ഭാരതത്തിന്റെ അഭിമാനപാത്രമേ", എന്ന് സംബോധന ചെയ്തുകൊണ്ട് പ്രേഷിതതീക്ഷ്ണത നിറഞ്ഞ അദ്ദേഹത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേർന്നിരിക്കുന്നു.

ബഹു. തോമാച്ചൻ പ്രൊപ്പഗാന്തയിൽ പഠിക്കുമ്പോൾ വെനീസിലെ പാത്രിയാർക്കീസ് ആയിരുന്ന കർദ്ദിനാൾ ജോസഫ് സാർത്തോ – പിന്നീട് വിശുദ്ധ പത്താം പിയൂസ് മാർപാപ്പ-യുമായി ബന്ധപ്പെടുവാൻ കഴിഞ്ഞതും അദ്ദേഹത്താൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതും പരി. കുർബാനയുടെ ആദ്ധ്യാത്മികതയിൽ വളരുവാൻ ദൈവം അനുവദിച്ച പ്രത്യേകം അവസരം ആയിരുന്നു. അദ്ദേഹം ''കൊച്ചുമെത്രാൻ' എന്ന് പറഞ്ഞ് ചെറിയ ഒരു കുരിശും മാലയും കഴുത്തിൽ ഇട്ടുകൊടുത്തു. ഒരു സ്വർണ്ണകാസയും നൽകി. ഇവ മാർ തോമസ് കുര്യാളശ്ശേരി മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

തന്റെ ഹൃദയത്തിൽ കത്തിജ്ജ്വലിച്ചിരുന്ന ദിവ്യകാരുണ്യസ്നേഹാഗ്നി ആളിക്കത്തിക്കാനായി നാട്ടിലേയ്ക്ക് പോരുന്നതിനുമുമ്പ് സെന്റ് പീറ്റേഴ്സ് ബസലിക്കായിലെ വിശുദ്ധ പത്രോസിന്റെ തൂണിൽ തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് ആഗ്രഹങ്ങൾ എഴുതിയിടാനും മറന്നില്ല. കേരളക്കരയിൽ പരി. കുർബാനയ്ക്ക് സമർപ്പിതരായ ഒരു സന്യാസിനീ സമൂഹം സ്ഥാപിക്കുക, തിരുവിതാംകൂറിൽ ഒരു കോളേജ് സ്ഥാപിക്കുക, റോമിൽ കിടന്നു മരിക്കുക. ഈ മൂന്ന് നിയോഗങ്ങളും സാധിതമായി എന്ന് നമുക്ക് കാണാൻ സാധിക്കും.

## മാതൃകാ വൈദികൻ

ഒരു പുരോഹിതൻ എല്ലാ വ്യക്തികളുടേയും ആത്മീയ മാർഗ്ഗദർശിയാണ്. പൗരോഹിത്യ ദൗത്യത്തിലെ വളരെ പ്രധാനപ്പെട്ട ധർമ്മമാണ് ആത്മീയമാർഗ്ഗദർശനം. ദിവ്യഗുരുവായ കർത്താവിന്റെ വഴിയിലൂടെയുള്ള യാത്രയിൽ, തന്റെ സഹയാത്രികരായവർക്ക് മാർഗ്ഗം വിവേചിച്ചറിയാൻ, സഹായിക്കാൻ, അവരുടെ യാത്രയിൽ ശക്തിപകരാൻ ഒരു പുരോഹിതന് സാധിക്കണം. ആത്മാവാൽ നിറഞ്ഞ്, ആത്മാവിന്റെ നിയന്ത്രണങ്ങൾക്കനുസരിച്ച് ജീവിക്കുവാനുള്ള കൃപാവരത്തിനായി തോമാച്ചൻ എന്നും പ്രാർത്ഥിച്ചിരുന്നു.

പൗരോഹിത്യം സ്വീകരിച്ച് 1899 നവംബർ 1-ന് നാട്ടിൽ തിരിച്ചെത്തിയ ബ. തോമാച്ചന്റെ ആദ്യപ്രേഷിതരംഗം ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് സ്കൂൾ ബോർഡിംഗിൽ വൈസ് റെക്ടർ എന്ന നിലയിലായിരുന്നു. 1901–ൽ മലയാള ഭാഷയിലെ രണ്ടാമത്തെ യാത്രാവിവരണഗ്രന്ഥം ''റോമായാത്ര'' അദ്ദേഹം പ്രസിദ്ധീകരിച്ചു. തുടർന്ന് ചേന്നംകരി, കാവാലം, എടത്വാ, ചമ്പക്കുളം എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. ഒരു നല്ല ഇടയന്റെ എല്ലാ സവിശേഷതകളും ജീവിതത്തിൽ പ്രതിഫലിപ്പിച്ച ബഹു. തോമാച്ചൻ, തന്റെ അജഗണങ്ങളെ പേർചൊല്ലി വിളിച്ച് അവരെ ദൈവസ്നേഹ

*ശേഷം പേജ് 27*

## ഓശാന തിരുക്കർമ്മങ്ങൾ - മാർച്ച് 24









## പെസഹാ തിരുക്കർമ്മങ്ങൾ - മാർച്ച് 28





## ദുഃഖവെള്ളി തിരുക്കർമ്മങ്ങൾ - മാർച്ച് 29















വലിയശനി - മാർച്ച് 30



ഉയിർപ്പുതിരുനാൾ - മാർച്ച് 31





VISWASOLSAV

INTENSIVE CATECHESIS IN SUMMER

ഏപ്രിൽ 1-10



കത്തീഡ്രൽ സൺഡേസ്കൂൾ









വാഴപ്പള്ളി സൺഡേസ്കൂൾ







അസംപ്ഷൻ സൺഡേസ്കൂൾ





## മെയ്ദിനാഘോഷം - മെയ് 1



## ആഘോഷമായ പരി. കുർബാനസ്വീകരണം - മെയ് 4



## മർത്ത്മറിയം ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം



## നൂറുമേനി ഫൊറോനാതല ഉദ്ഘാടനം



## പന്തക്കുസ്താ തിരുനാൾ, അതിരൂപതാദിന പതാക ഉയർത്തൽ - മെയ് 19






## ഇടവകകുടുംബത്തിന്റെ
# ആദരാഞ്ജലികൾ



**റവ. സി. സലോമി DM**
മരണം: 08.05.2024
ചിറ്റാട്ടുകളം
വാഴപ്പള്ളി, ചങ്ങനാശേരി



**റവ. ഫാ. ജോമോൻ ആശാംപറമ്പിൽ കപ്പൂച്ചിൻ**
മരണം: 10.05.2024
അസ്സീസി ആശ്രമം, ഭരണങ്ങാനം

# സ്നേഹസ്മരണയ്ക്ക്

## ആറാം ചരമവാർഷികം



**എം.വി. കുര്യാക്കോസ്**
മരണം: 25.05.2018

## ഒന്നാം ചരമവാർഷികം



**മേരിക്കുട്ടി കുര്യാക്കോസ്**
മരണം: 19.06.2023

മാളിയേക്കൽ (കാഞ്ഞിക്കൽ), വട്ടപ്പള്ളി, ചങ്ങനാശേരി

JOSE ELECTRICALS & SANITARY
Near Telephone Exchange
Changanacherry

## 2023-24 അധ്യയനവർഷത്തിൽ, Plus Two, SSLC പരീക്ഷകളിൽ ഫുൾ A+ നേടിയ ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾ

**Aleesa Maria Laiju**
**(Plus Two)**

**Anna Cicy Raju**
**(Plus Two - CBSE)**

**Anna Theresa Santhosh**
**(Plus Two)**

**Athulya Saiby**
**(Plus Two)**

**Jeena Elizabeth Ouseph (Plus Two)**

**Linta Jogi**
**(Plus Two)**

**Mathews Mukkadan -**
**(Plus Two - CBSE)**

**Richin Gerorge Thomas Thottasserry (Plus Two)**

**Roseanne Rose Thomas Chakkukalam (Plus Two)**

**Seoen S. Chittalumoottial**
**(Plus Two)**

**Tessa Elsa Vinoj**
**(Plus Two)**

**Tom Thomas Karimpannoor**
**(Plus Two)**

**Treesa Biju**
**(Plus Two)**

**Albin Aniyankunju Ashariparamvil (SSLC)**

**Angel Jacob**
**(SSLC)**

**Benedict Vattakalam**
**(SSLC)**

## 2023-24 അധ്യയനവർഷത്തിൽ, Plus Two, SSLC പരീക്ഷകളിൽ ഫുൾ A+ നേടിയ ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾ

George W. Arackal (SSLC)

Gladis Ros Job Pampoottithara (SSLC)

Joan Thomas Athikalam (SSLC)

Liya Jogi (SSLC)

Neha Maria Martin Marattukalam (SSLC)

Riya Joseph Puthenveedu (SSLC)

Rose Maria Bino Kottackal (SSLC)

Shone Santhosh (SSLC)

Stephy Soji Thundiyil (SSLC)

## വിജയികൾക്ക് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവക കുടുംബത്തിന്റെ

# അഭിനന്ദനങ്ങൾ

2025 മെയ് 20 ന് നടക്കുന്ന അതിരൂപതാദിനത്തിന്റെ പതാക അഭിവന്ദ്യ പിതാവിൽ നിന്നും ഏറ്റുവാങ്ങുന്നു.






# MARY RANI PUBLIC SCHOOL

## LAIKADU, CHANGANACHERRY

Affiliated to CBSE Delhi. Reg. No. 930377

Ph : 0481-2400699 (Off), 94969 49606

maryranischool@yahoo.co.in

www.maryranipublicschool.edu.in

### Our Specialties

- Dedicated & Experienced Staff
- Technology Enhanced Learning
- Guidance & Counselling Cell
- Advanced Computer & Science Labs
- Modernized Library
- CCTV Surveillance
- Transportation Facilities
- Hostel Facilities
- Recreational Facilities



*Our Motto*

LOVE,
SACRIFICE,
SERVICE

*We are Open to*

Play Class,
LKG to Class IX
and
XI Science &
XI Commerce

**Special Coaching for Basketball, Football, Cricket & Badminton**

**Managed by SABS Sisters**



പേജ് 18 തുടർച്ച

ഒരു പുരോഹിതൻ എല്ലാ വ്യക്തികളുടേയും ആത്മീയ മാർഗ്ഗദർശിയാണ്. പൗരോഹിത്യ ദൗത്യത്തിലെ വളരെ പ്രധാനപ്പെട്ട ധർമ്മമാണ് ആത്മീയമാർഗ്ഗ ദർശനം. ദിവ്യഗുരുവായ കർത്താവിന്റെ വഴിയിലൂടെയുള്ള യാത്രയിൽ, തന്റെ സഹയാത്രികരായവർക്ക് മാർഗ്ഗം വിവേചിച്ചറിയാൻ, സഹായിക്കാൻ, അവരുടെ യാത്രയിൽ ശക്തിപകരാൻ ഒരു പുരോഹിതന് സാധിക്കണം.

ത്തിലേയ്ക്കാനയിച്ചു, കരുതലോടെ വഴിനടത്തി. തൊണ്ണൂറ്റൊമ്പതി നേയും വിട്ട് നഷ്ടപ്പെട്ടതിനെ അന്വേഷിച്ചിറങ്ങി, അവരെ തോളിലേറ്റി രക്ഷയിലേയ്ക്ക് നയിച്ച ബ. തോമാച്ചൻ, തന്റെ ഇടയധർമ്മം നൂറുശ തമാനം വിശ്വസ്തതയോടെ പൂർത്തിയാക്കി. ഇതിനായി തോമാച്ചൻ കണ്ടെത്തിയ മാർഗ്ഗം ഭവനസന്ദർശനം ആയിരുന്നു.

ദൈവദാസി ഷന്താളമ്മ തന്റെ ആത്മകഥയിൽ ബഹു. കുര്യാള ശ്ശേരി അച്ചനെ അനുസ്മരിക്കുന്നത് ഇങ്ങനെ– ''ബഹു. തോമ്മാച്ചൻ എവിടെ സഞ്ചരിച്ചാലും 'ദിവ്യകുഞ്ഞാടിനു ചുറ്റും മാലാഖാമാർ' എന്നപോലെ എപ്പോഴും കൊച്ചുകുട്ടികൾ കൂടെ നടക്കുവാനുണ്ടാ യിരിക്കും.'' ഇങ്ങനെ കൂടെനടന്നവരിൽ പലരും വൈദികരായിട്ടുണ്ട്. അദ്ദേഹത്തിന്റെ നിർമ്മലവും സ്നേഹപൂർവവുമായ പ്രവർത്തനങ്ങൾ കണ്ടിട്ട് വിവിധ മതസ്ഥരായ നാട്ടുകാർ പറഞ്ഞിരുന്നത് ''കുര്യാള ശ്ശേരിയിലെ മാടപ്രാവ്'' എന്നാണ്.

ഇങ്ങനെ സഹപാഠികളുടേയും ഗുരുഭൂതരുടേയും വൈദിക ശ്രേഷ്ഠന്മാരുടേയും പരിശുദ്ധ പിതാക്കന്മാരുടേയും സ്നേഹ വാത്സല്യങ്ങളും അനുഗ്രഹാശിസ്സുകളും ഏറ്റുവാങ്ങിയ ധന്യൻ കുര്യാളശ്ശേരിപിതാവ് തന്റെ അജഗണങ്ങളുടെ ആദ്ധ്യാത്മിക നവോ ത്ഥാനത്തിനായി പരിശ്രമിച്ച നല്ല ഇടയനായിരുന്നു. കേരളസഭയുടെ വളർച്ചയ്ക്കുവേണ്ടി സമ്പൂർണ്ണസമർപ്പണം ചെയ്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ''പവർ ഹൗസ് പരി. കുർബാന''യായിരുന്നു. – ജീവിതവിശുദ്ധികൊണ്ട് തിളക്കമാർന്ന വ്യക്തിത്വത്തിന്റെ ഉടമയായി രുന്നു. ആർദ്രസ്നേഹത്തിന്റെ തുടിപ്പുകൾകൊണ്ട്, മനുഷ്യസ്നേഹ ത്തിന്റെ ചിറകുകൾകൊണ്ട് ദൈവികതയുടെ പ്രകാശഗോപുരത്തി ലേയ്ക്ക് അദ്ദേഹം ഉയർത്തപ്പെട്ടു.

ഒരു നൂറ്റാണ്ട് മുൻപേ വന്ദ്യപിതാവ് നമ്മെ പിരിഞ്ഞുപോയെങ്കി ലും ഇന്നും നിറസാന്നിദ്ധ്യമായി, സജീവസ്മരണയായി, അനുഗ്ര ഹങ്ങൾ വർഷിച്ചുകൊണ്ട് ജനഹൃദയങ്ങളിൽ ജീവിക്കുന്നു. വന്ദ്യ പിതാവ് എത്രയുംവേഗം വാഴ്ത്തപ്പെട്ടവനായി അൾത്താരയിൽ വണങ്ങുന്ന ദിനങ്ങൾക്കായി പ്രാർത്ഥനാപൂർവ്വം, പ്രത്യാശയോടെ നമുക്ക് കാത്തിരിക്കാം.



# കൃതജ്ഞത

## നിർമ്മൽ റാണി പ്രൊവിൻസ്, തൃശ്ശൂർ

**പരി. കുർബാനയുടെ** ആരാധനാസന്യാസിനീ സമൂഹത്തിന്റെ തൃശ്ശൂർ നിർമ്മൽ റാണി പ്രൊവിൻസിൽ 2022-23 വർഷത്തിൽ ദൈവ വിളിക്കുവേണ്ടി വളരെയധികം അദ്ധ്വാനിച്ചു. പ്രാർത്ഥനകൾ, ജാഗരണപ്രാർത്ഥന, മാസത്തിന്റെ അവസാന ആഴ്ചയിൽ പ്രത്യേക പ്രാർത്ഥനകളോടെ നടത്തി. ഒപ്പം വി. കുർബാന, 32 ത്രിത്വസ്തുതി, 1 മണിക്കൂർ ആരാധന എന്നിവയും നടത്തിയിരുന്നു. പിതാവിന്റെ കബറിടത്തിൽ പ്രൊവിൻസുകൾ ഒരുമിച്ചുള്ള മാധ്യസ്ഥ്യപ്രാർത്ഥ നയിലും പങ്കുചേർന്നു. എല്ലാറ്റിലുമുപരി പിതാവിന്റെ മാധ്യസ്ഥ്യ പ്രാർത്ഥന പ്രൊവിൻസിൽ വ്യക്തിപരമായി ധാരാളമായി ചൊല്ലിയി രുന്നു. പിതാവിന്റെ മാധ്യസ്ഥ്യത്തിലൂടെ 6 അർത്ഥികൾ ദൈവവിളി സ്വീകരിക്കുകയുണ്ടായി. അതിന് സഭാസ്ഥാപകനായ വന്ദ്യപിതാവ്, ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിനോട് നിർമ്മൽ റാണി പ്രൊവിൻസിനുള്ള കൃതജ്ഞതയർപ്പിക്കുന്നു.





"Praise be to the Eucharistic Heart of Jesus"

# നീർച്ചാലിനരികെ വളർന്നു പുഷ്പിച്ച വൃക്ഷം

**"അവന്റെ** ആനന്ദം കർത്താവിന്റെ നിയമത്തിലാണ്. രാവും പകലും അവൻ അതിനെക്കുറിച്ച് ധ്യാനിക്കുന്നു. നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും ഇലകൊഴിയുന്നതുമായ വൃക്ഷം പോലെയാണ് അവൻ. അവന്റെ പ്രവൃത്തികൾ സഫലമാകുന്നു (സങ്കീ. 1:2-3).

കുലീനമായ കുര്യാളശ്ശേരി കുടുംബത്തിൽ 1873 ജനുവരി 14 ന് ശ്രീ. ചാക്കോച്ചന്റെയും ശ്രീമതി അക്കമ്മയുടെയും ആറാമത്തെ സന്താനമായി ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ജനിച്ചുവളർന്ന വീട്ടുകാർ തോമ്മാച്ചൻ എന്ന് സ്നേഹത്തോടെ വിളിച്ച ദൈവദാസൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ജീവിതം ദിവ്യകാരുണ്യമാകുന്ന നീർച്ചാലിനരികെ മുളച്ചുപൊങ്ങി വളർന്നുപന്തലിച്ച് എല്ലാ സീസണിലും ഫലങ്ങൾ തരുന്ന ഒരു വൃക്ഷംപോലെ ആയിരുന്നു. "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും" (ഏശയ്യ 49:6). അതെ, തന്റെ രക്ഷയുടെ സന്ദേശം ലോകാതിർത്തികൾവരെ എത്തിക്കാൻ ദൈവം കുഞ്ഞുതോമ്മാച്ചനേയും ഒരു ഉപകരണമായി തിരഞ്ഞെടുക്കുകയായിരുന്നു. ആ തിരഞ്ഞെടുപ്പിന്റെ ശക്തിയാൽ കുട്ടിക്കാലം മുതലെ ദിവ്യകാരുണ്യത്തോടും മാതാവിനോടുമുള്ള ഭക്തി, അഗതികളോടും

ആലംബഹീനരോടുമുള്ള കരുണാർദ്രമായ സ്നേഹം, ഗുരുഭക്തി, കൃത്യനിഷ്ഠ, അനുസരണം എന്നീ ഗുണങ്ങൾ കുഞ്ഞുതോമ്മാച്ചനിൽ നിറഞ്ഞുനിന്നിരുന്നു. കാലക്രമേണ ഈ ലോകത്തിന്റെ നശ്വരത മനസിലാക്കിയ കുഞ്ഞുതോമാച്ചൻ തന്നെത്തന്നെ ദൈവപിതാവിന്റെ മുമ്പിൽ അടിയറവെച്ച് അവിടുത്തെ പുരോഹിതനായി മാറി. എല്ലാ ദിവസവും പരി. കുർബാനയുടെ സുവിശേഷങ്ങൾ വ്യാഖ്യാനിച്ചുകൊടുത്തു. എത്രസമയം വേണമെങ്കിലും പാപസങ്കീർത്തനവേദിയിലിരുന്ന് ഈശോയുടെ സൗഖ്യദായകമായ കൂദാശകൾ നൽകാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഇടവകയിലെ ഓരോ ഭവനവും സന്ദർശിച്ച് വിശ്വാസക്ഷയം സംഭവിച്ചവരെ കണ്ടെത്തി അവരെ ശരിയായ പാതയിലൂടെ നയിച്ചു. വിദ്യാഭ്യാസവിഷയത്തിലും ഏറെ ശ്രദ്ധിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേകമായ ഊന്നൽ നൽകി അല്മായരുടെ ആത്മീയനിലവാരം ഉയർത്തുവാൻവേണ്ടി സ്ഥാപിതമായ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ സുപ്പീരിയറായി 1910-ൽ കുര്യാളശ്ശേരി തോമാച്ചൻ നിയമിതനായി. അദ്ദേഹത്തിന്റെ ശുശ്രൂഷ ഏറ്റുവാങ്ങിയ ഇടവകസമൂഹങ്ങൾ ചുരുങ്ങിയകാലംകൊണ്ട് നിർമ്മാണപുരോഗതി വരിച്ചു. ഈ സമയത്ത് ദിവ്യകാരുണ്യസന്നിധിയിൽനിന്നും ചൈതന്യം ഉൾക്കൊണ്ട് ലോകത്തിന്റെ അതിർത്തികൾവരെ ദിവ്യകാരുണ്യപ്രഘോഷകരായി കടന്നുചെന്ന് ലോകത്തിന്റെ രൂപാന്തരീകരണത്തിനായി പ്രാർത്ഥിക്കാൻ വേണ്ടി ആരാധനാ സന്യാസിനീ സമൂഹത്തിന് 1908 ഡിസംബർ 8-ന് ആരംഭം കുറിച്ചു. 1911 ഡിസംബർ 3-ാം തീയതി കാൻഡിയിൽ വെച്ച് അത്യുന്നത ഡെലഗേറ്റ് സലേസ്കി തിരുമേനിയിൽ നിന്ന് മെത്രാൻ പട്ടം സ്വീകരിച്ചശേഷം അദ്ദേഹത്തിന്റെ ആദ്യത്തെ ഔദ്യോഗിക കർത്തവ്യം ആരാധനാസന്യാസിനീ സമൂഹത്തിലെ അഞ്ച് അംഗങ്ങൾക്ക് സഭാവസ്ത്രം കൊടുക്കുക എന്നതായിരുന്നു.

ദിവ്യകാരുണ്യ ഈശോയുടെ പാദാന്തികത്തിലിരുന്ന് നിരന്തരമായ ആരാധന അർപ്പിക്കുന്നതോടൊപ്പം ഇന്ത്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹിക സേവനം തുടങ്ങിയ രംഗങ്ങളിൽ സേവനം അനുഷ്ഠിച്ചുകൊണ്ട് അവിടുത്തെ സ്നേഹദൗത്യത്തിൽ പങ്കുചേർന്നു. ഓരോ ഇടവകയ്ക്കും ഓരോ വിദ്യാലയം, ഓരോ സമുദായത്തിനും രൂപതയ്ക്കും സ്വന്തമായി ഒരു കോളേജ് എന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. വിപ്ലവകരമായ ഒരു മുന്നേറ്റമായിരുന്നു അത്. സഭൈക്യത്തിനു വേണ്ടിയും ദളത് ക്രൈസ്തവരുടെ നവോത്ഥാനത്തിന് വേണ്ടിയും അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. ആടുകളെ അറിയുന്ന ഇടയനായിരുന്നു അദ്ദേഹം. ഈ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന്



> "
> ഒരു ചെടിയുടെ വേര് എത്ര ആഴത്തിൽ പോകുന്നോ അത്രയും ശക്തിയോടുകൂടെ അത് മുകളിലേക്ക് വളരുന്നു. അദ്ദേഹത്തിന്റെ അഗാധമായ ദിവ്യകാരുണ്യഭക്തിയുടെ തെളിവാണ് ഇന്ന് ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ ദർശനങ്ങളും സ്വപ്നങ്ങളും ശിരസ്സാവഹിച്ചുകൊണ്ട് അത്യധികം വളർന്നുകൊണ്ടിരിക്കുന്ന ആരാധനാസന്യാസിനീ സമൂഹം. തന്റെ നന്മനിറഞ്ഞ ജീവിതത്തിലൂടെ അദ്ദേഹം പുറപ്പെടുവിച്ച ഫലങ്ങളും നവോത്ഥാനപ്രവൃത്തികളും അദ്ദേഹത്തിന്റെ മക്കളിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു.

വേണ്ടി അദ്ദേഹത്തിന് ശക്തി ലഭിച്ചിരുന്നത് ദിവ്യകാരുണ്യ ഈശോയോടുള്ള അദ്ദേഹത്തിന്റെ അടങ്ങാത്ത സ്നേഹത്തിൽ നിന്നായിരുന്നു. "ലോകത്തിൽ തനിക്ക് സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു, അവസാനംവരെ സ്നേഹിച്ചു" (യോഹ 13:1). ഈ വചനത്തിൽ മാർ തോമസ് കുര്യാളശ്ശേരി കുർബാനയുടെ വലിയ രഹസ്യം കണ്ടെത്തി. പരി. കുർബാന മനുഷ്യബുദ്ധിയെ വിസ്മയിപ്പിക്കുന്ന സ്നേഹരഹസ്യമായി അദ്ദേഹം പഠിപ്പിച്ചു. മനുഷ്യഹൃദയത്തെ ഈശോയുടെ ഹൃദയത്തോടും മനുഷ്യാത്മാവിനെ ദൈവാത്മാവിനോടും മനുഷ്യശരീരത്തെ ഈശോയുടെ ശരീരത്തോടും പരി. കുർബാനയിൽ സംയോജിപ്പിക്കുന്നതായി അദ്ദേഹം കാണുന്നു.

തന്റെ 47-ാം ഇടയലേഖനത്തിൽ പരി. കുർബാന കൂദാശകളിൽ ഒന്നു മാത്രമല്ലെന്നും എല്ലാ കൂദാശകളിലുംവച്ച് ഏറ്റവും ശ്രേഷ്ഠമായതാണെന്നും പഠിപ്പിച്ചു. നക്ഷത്രങ്ങളുടെ ഇടയിലെ സൂര്യൻ എന്നാണ് പരി. കുർബാനയെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പരി. കുർബാനയുടെ കേന്ദ്രസ്ഥാനത്തെക്കുറിച്ച് പറയുന്നതിന് എത്രയോ വർഷങ്ങൾക്കു മുമ്പേ അദ്ദേഹം എഴുതി ഇത് ദൈവാരാധന ഒക്കെയുടെയും മകുടവും കേന്ദ്രവും ആണെന്ന് (PL. 47) നിർജ്ജീവമായ ഒരു വസ്തുവിന്റെ സാദൃശ്യത്തിൽ ലോകാവസാനം വരെ തന്നെത്തന്നെ ശൂന്യവൽക്കരിച്ച ഈശോയിൽ അവിടുത്തെ സ്നേഹത്തിന്റെ പാരമ്യം കണ്ടെത്തുവാൻ അദ്ദേഹത്തിന് പ്രയാസം ഉണ്ടായില്ല. ദൈവമഹത്വദർശനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരും കൃപനിറഞ്ഞവരും പോലും ഭയന്നുവിറച്ചു. മോശ കത്തുന്ന മുൾപ്പടർപ്പിലെ ദൈവികസാന്നിദ്ധ്യത്തിൽ ഭയപ്പെട്ട് മുഖംപൊത്തി (പുറ 3:6) കർത്താവിന്റെ മഹത്ത്വം സീനായ് മലയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ആ മലയെ സമീപിക്കാൻ പോലും ജനത്തിന് അനുവാദമില്ലായിരുന്നു (ഉല്പ 19:6 25). കനത്ത മേഘത്തിൽ ദൈവം സന്നിഹിതനായ അവസരത്തിൽ



> കുലീനമായ കുര്യാളശ്ശേരി കുടുംബത്തിൽ 1873 ജനുവരി 14 ന് ശ്രീ. ചാക്കോച്ചന്റെയും ശ്രീമതി അക്കമ്മയുടെയും ആറാമത്തെ സന്താനമായി ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ജനിച്ചുവളർന്ന വീട്ടുകാർ തോമ്മാച്ചൻ എന്ന് സ്നേഹത്തോടെ വിളിച്ച ദൈവദാസൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ജീവിതം ദിവ്യകാരുണ്യമാകുന്ന നീർച്ചാലിനരികെ മുളച്ചുപൊങ്ങി വളർന്നുപന്തലിച്ച് എല്ലാ സീസണിലും ഫലങ്ങൾ തരുന്ന ഒരു വൃക്ഷം പോലെ ആയിരുന്നു.

ദൈവം തങ്ങളോട് സംസാരിച്ചാൽ ഞങ്ങൾ മരിച്ചുപോകും (പുറ 20:19) എന്നാണ് ജനം പ്രതികരിച്ചത്. ഈ വി. ഗ്രന്ഥ സാക്ഷ്യങ്ങൾ ബോധ്യമുണ്ടായിരുന്ന കുര്യാളശേരി പിതാവ് ചോദിക്കുന്നു, ഇതാണ് ദൈവമഹത്ത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്കുണ്ടായ അനുഭവമെങ്കിൽ അവിടുത്തെ പ്രതാപത്തിനു മുൻപിൽ പാപികളായ നാം എങ്ങനെ നിലകൊള്ളുമായിരുന്നെന്ന ആകയാൽ ഏതൊരു നിസ്സാര വ്യക്തിക്കും അനുഭവിക്കാൻ തക്കവിധം ദൈവം തന്റെ മഹത്വവും പ്രതാപവും പരി. കുർബാനയിൽ വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യന്റെ തലത്തിലേക്ക് ഇറങ്ങിവരുന്ന ദൈവസ്നേഹം.

കേവലം ചങ്ങനാശേരിയിൽ മാത്രമല്ല, കേരളത്തിലുടനീളം നവോത്ഥാനത്തിന്റെ അലയടികൾ ഉയർത്താൻ കഴിഞ്ഞ പുരോഹിത ശ്രേഷ്ഠനാണ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി. ക്ഷണികമായ ലോകസുഖങ്ങൾക്ക് പുറകെ നടക്കുന്നവർക്കും ജീവിതത്തിൽ നിശാബോധം നഷ്ടപ്പെട്ടവർക്കും കുര്യാളശ്ശേരി പിതാവിന്റെ ജീവിതം പ്രേരകശക്തിയും വഴികാട്ടിയുമാണ്.

ഒരു ചെടിയുടെ വേര് എത്ര ആഴത്തിൽ പോകുന്നോ അത്രയും ശക്തിയോടുകൂടെ അത് മുകളിലേക്ക് വളരുന്നു. അദ്ദേഹത്തിന്റെ അഗാധമായ ദിവ്യകാരുണ്യഭക്തിയുടെ തെളിവാണ് ഇന്ന് ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ ദർശനങ്ങളും സ്വപ്നങ്ങളും ശിരസ്സാവഹിച്ചുകൊണ്ട് അത്യധികം വളർന്നുകൊണ്ടിരിക്കുന്ന ആരാധനാസന്യാസിനീ സമൂഹം. തന്റെ നന്മനിറഞ്ഞ ജീവിതത്തിലൂടെ അദ്ദേഹം പുറപ്പെടുവിച്ച ഫലങ്ങളും നവോത്ഥാനപ്രവൃത്തികളും അദ്ദേഹത്തിന്റെ മക്കളിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു. ഈ പുണ്യാത്മാവ് ഓർമ്മയായതിന്റെ 49-ാം വാർഷികത്തിൽ അവിടുത്തെ ഓർമ്മയ്ക്കുമുമ്പിൽ നമുക്ക് കൂപ്പുകരങ്ങളോടുകൂടെ ആയിരിക്കാം.





2024

# കേരളീയ വിദ്യാഭ്യാസരംഗത്തെ കാതലായ മാറ്റങ്ങൾ

ടോം കുര്യൻ തോപ്പിൽ

2024 അധ്യയനവർഷം ജൂൺ 4-ാം ആരംഭിക്കുകയാണ്. സംസ്ഥാന വ്യാപകമായി പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പ്രവേശനോത്സവം ജൂൺ 4-ാം തീയതി സംഘടിപ്പിക്കുകയാണ്.

2024 മെയ് 8-ാം തീയതി കേരളാ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി എസ്എസ്എൽസി റിസൾട്ട് പ്രഖ്യാപനവേളയിൽ പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന കാതലായ മാറ്റങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 2024 അധ്യയനവർഷം 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ മാറി പുതിയ പാഠപുസ്തകങ്ങൾ വരികയുമാണ്. സംസ്ഥാനത്തെ എല്ലാ അധ്യാപകർക്കും അവധിക്കാല പരിശീലനക്ലാസുകൾ നടക്കുകയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസമാണ് കേരള സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നത്. 2024-25 അധ്യയനവർഷം മുതൽ എല്ലാ വിഷയങ്ങൾക്കും മിനിമം മാർക്ക് നിർബന്ധമാണ്.

2024 എസ്.എസ്.എൽ.സി. പരീക്ഷാഫലം പരിശോധിച്ചാൽ കോട്ടയം റവന്യൂ വിദ്യാഭ്യാസ ജില്ലയിലെ പാലാ വിദ്യാഭ്യാസ ജില്ലയിലാണ് 100 ശതമാനം (99.92). തിരുവനന്തപുരം റവന്യൂ ജില്ലയിലാണ് ഏറ്റവും കുറവ് വിജയശതമാനം (99.08). ഏറ്റവും കുറവ് വിജയശതമാനം തിരുവനന്തപുരം റവന്യൂ ജില്ലയിലെ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയാണ്.

ഉന്നത വിദ്യാഭ്യാസരംഗത്തും കാതലായ മാറ്റങ്ങൾ 2024 അധ്യയനവർഷം മുതൽ. ബിരുദപഠനത്തിന്റെ കാലയളവ് മൂന്നുവർഷത്തിൽ നിന്ന് നാലുവർഷമായിത്തീരുകയാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും ഒരു പൊതുസിലബസിന്റെ അടിസ്ഥാനത്തിൽ പൊതുപരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്തെ കാതലായ മാറ്റം കേന്ദ്രസർക്കാരിന്റെയും യുജിസിയുടെയും മാർഗ്ഗനിർദ്ദേശത്തെ തുടർന്നാണ്. 2024 ൽ ഉന്നതവിദ്യാഭ്യാസരംഗത്തെ മാറ്റം ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമാണ്. പുതിയ അധ്യയനവർഷത്തിൽ നടപ്പിൽ വരുന്ന കാതലായ മാറ്റങ്ങൾ വിദ്യാർത്ഥിസമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കു സഹായിക്കുമെന്ന പ്രത്യാശയോടെ മുന്നോട്ടുപോകാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



# ഇടവക വാർത്തകൾ

## കുടുംബകൂട്ടായ്മ - ബൈബിൾ അപ്പസ്തോലേറ്റ്

നമ്മുടെ മെത്രാപ്പോലീത്തൻ പള്ളിയിലെ കുടുംക്കൂട്ടായ്മകൾ ഇടവകയിലെ എല്ലാ പ്രവർത്തനമേഖലയിലും അക്ഷീണപ്രയത്നം നിസ്വാർത്ഥമായി നടത്തുന്നുവെന്ന് വളരെ അഭിമാനപൂർവ്വം അറിയിക്കുകയാണ്.

**കുടുംബക്കൂട്ടായ്മ** – ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നൂറുമേനി സീസൺ 2 ചങ്ങനാശേരി ഫൊറോനാ വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഡയറക്ടർ ഫാ. റ്റോജോ പുളിക്കപ്പടവിൽ, ആനിമേറ്റർ സിസ്റ്റർ ലിസ് മരിയ ജെ.എസ്., സിസ്റ്റർ മാർഗരറ്റ് എസ്.എ.ബി.എസ്., അതിരൂപതാ കേന്ദ്രകമ്മിറ്റി അംഗം മരിയാ ജോർജ് പൊട്ടംകുളം, കുടുംബകൂട്ടായ്മ ഫൊറോന ജനറൽ കൺവീനർ ജോബി തൂമ്പുങ്കൽ, ജനറൽ സെക്രട്ടറി ലൂസിയമ്മ ആന്റണി എന്നിവർ പ്രസംഗിച്ചു. ഫൊറോന സമിതി അംഗങ്ങൾ, ദീപ കടന്തോട്, പ്രസൂൺ ബെന്നി എഴുത്തുപള്ളിക്കൽ എന്നിവർ നേതൃത്വം നൽകി. നൂറുമേനി സീസൺ 2 മത്സരത്തിൽ നമ്മുടെ



ഇടവകയിൽനിന്നും വ്യക്തിഗത ഇനങ്ങൾ വിവിധ കാറ്റഗറിയിൽ നിന്നും 25 പേരും കുടുംബമായുള്ള മത്സരത്തിൽ നാലു കുടുംബങ്ങളും പങ്കുചേർന്നു. 300ൽ അധികം വചനങ്ങൾ എഴുതിയവരുടെ എണ്ണം മുൻ വർഷത്തേക്കാൾ കൂടുതലായിരുന്നു. ഒരുക്കത്തോടെ തീക്ഷ്ണതയോടെ നൂറുമേനി മത്സരത്തിൽ പങ്കെടുത്തവർക്കും കൂടുതൽ വചനങ്ങൾ എഴുതിയവർക്കും പ്രത്യേക അഭിനന്ദനങ്ങൾ!



നോമ്പുകാലത്ത് വെള്ളിയാഴ്ചകളിലും മറ്റു ദിവസങ്ങളിലും ഓരോ കൂട്ടായ്മയുടെയും സൗകര്യാർത്ഥം കൂട്ടായ്മയിലെ ഭവനങ്ങൾ കേന്ദ്രീകരിച്ച് കുരിശിന്റെ വഴി നടത്തുകയുണ്ടായി. ദുഃഖവെള്ളി ദിനത്തിൽ കുരിശിന്റെ വഴി അങ്ങാടി കുരിശുപള്ളി, പണ്ടകശാലകടവ് കുരിശടി, വെജിറ്റബിൾ മാർക്കറ്റ് കുരിശടി, ചന്തക്കടവ് തിരുക്കുടുംബ ദൈവാലയം, കാക്കാംതോട് കുരിശടി എന്നിവിടങ്ങളിൽ നടന്നു. അതോടൊപ്പം പാസ്റ്ററൽ സെന്റർ- അസംപ്ഷൻ വാർഡുകൾ നേതൃത്വം നൽകിയ കുരിശിന്റെ വഴി കത്തീഡ്രൽ പള്ളിയിൽ സമാപിച്ചു. ഗ്രോട്ടോയുടെ മുൻവശത്ത് ക്രമീകരിച്ച ദീപക്കാഴ്ചകൾ കുടുംബാംഗങ്ങളും സജീവമായ സഹകരണവും പങ്കാളിത്തവും എടുത്തുപറയേണ്ടതാണ്.

പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി വൈദികരോടൊപ്പം കൂട്ടായ്മ ലീഡേഴ്സും ചേർന്ന് നമ്മുടെ ഇടവകയിലെ ഭവനങ്ങളിൽ സന്ദർശനം നടത്തുകയും സംഭാവനകൾ സ്വീകരിക്കുകയും ചെയ്തു. ഏകദേശം 40 ലക്ഷത്തോളം രൂപ ഒരു ദിനം ലഭിക്കുകയുണ്ടായി. ഇതിനുവേണ്ടി ആത്മാർത്ഥമായി സഹകരിച്ച കൂട്ടായ്മ ലീഡേഴ്സിനും കുടുംബനാഥന്മാർ, കുടുംബാംഗങ്ങൾ എല്ലാവർക്കും നന്ദി അറിയിക്കട്ടെ.

ചങ്ങനാശേരി രൂപതയുടെ പ്രഥമ മെത്രാനും പരിശുദ്ധ കുർബാനയുടെ ആരാധനാസന്യാസിനി സമൂഹസ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 79-ാം ചരമവാർഷികാചരണത്തോടനുബന്ധിച്ച് വിവിധ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. മെയ് 27 മുതൽ മെയ് 31 വരെയുള്ള 5 ദിനങ്ങൾ രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണിവരെ കബറിടപള്ളിയിൽ പരി. കുർബാനയുടെ പരസ്യാരാധന ഉണ്ടായിരിക്കുന്നതാണ് (കൂട്ടായ്മകൾക്കുള്ള സമയം ക്രമീകരിച്ചിട്ടുണ്ട്. ഇതാദ്യം പാലിക്കാൻ കൂട്ടായ്മ ലിഡേഴ്സ് ശ്രദ്ധിക്കുമല്ലോ. ധന്യപിതാവിന്റെ മാദ്ധ്യസ്ഥ്യംവഴി അനുഗ്രഹം പ്രാപിക്കാൻ എല്ലാവരെയും ക്ഷണി

ക്കുന്നു. രോഗികളായവർക്കും കിടപ്പുരോഗികൾക്കുംവേണ്ടി പരിശുദ്ധ കുർബാനയും കുമ്പസാരവും മാസത്തിലെ ആദ്യവെള്ളിയാഴ്ചകളിൽ ഭവനങ്ങളിൽ നൽകുന്ന വിവരം ഓർമ്മിപ്പിക്കട്ടെ.

ഗദ്സമേനി ആശ്രമദൈവാലയത്തിൽ 10 വർഷത്തോളം ശുശ്രൂഷ ചെയ്ത മുൻ സുപ്പീരിയർ പ്രിയപ്പെട്ട ആശാംപറമ്പിൽ ജോമോൻ അച്ച ന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. ഭരണങ്ങാനം അസീസി ആശ്രമത്തിൽ നടന്ന മൃതസംസ്കാരശുശ്രൂഷയിൽ ബഹു. വൈദികരുടെ നേതൃത്വത്തിൽ കൂട്ടായ്മാ ലീഡേഴ്സും ഇടവകാംഗങ്ങളും ഭക്ത്യാദര പൂർവ്വം പങ്കുകൊണ്ടു.

**ജോബി തൂമ്പുങ്കൽ** (ജനറൽ കൺവീനർ)

## കത്തീഡ്രൽ മാതൃപിതൃവേദി

വിശ്വാസാധിഷ്ഠിതമായ ഒരു ജീവിതം കാഴ്ചവയ്ക്കണമെങ്കിൽ സഭയുടേയും ഇടവകയുടേയും സഭാതനയന്മാരുടേയും നിർദ്ദേശങ്ങൾക്ക് മുൻതൂക്കം നൽകി ഇടവകാംഗങ്ങളെ പ്രത്യേകിച്ച് വരുംതലമുറകൾക്ക് മാതൃകയാകാൻ ഈ കാലഘട്ടത്തിൽ ഓരോ മാതാവും പിതാവും ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങേണ്ടത് ആവശ്യമാണ്. ഈ ആവശ്യകതക്ക് മുൻതൂക്കം നല്കി കത്തീഡ്രൽ മാതൃപിതൃവേദി എന്ന സംഘടനാം ഗങ്ങൾ ഒത്തൊരുമയോടെ ഇടവകയിൽ പ്രവർത്തിച്ചുവരുന്നു. കത്തീ ഡ്രൽ മാതൃപിതൃവേദിയുടെ പ്രവർത്തനങ്ങൾ ഏറ്റം അഭികാമ്യമെന്ന് എടുത്തുപറയേണ്ടതുണ്ട്. ഇടവകയിലെ വൈദികരുടെ നിർദ്ദേശങ്ങൾ ക്കനുസരിച്ച് എല്ലാ തലങ്ങളിലും ഈ സംഘടന മുൻപന്തിയിലാണ്. കഴിഞ്ഞ വല്യനോമ്പാരംഭം മുതൽ എല്ലാ വെള്ളിയാഴ്ചകളിലും മാതൃപിതൃവേദിയുടെ നേതൃത്വത്തിൽ വിശുദ്ധബലിയും, കുരിശിന്റെ വഴിയും പള്ളിയിൽ വരുന്ന ഭക്തജനങ്ങൾക്ക് നേർച്ചക്കഞ്ഞി നല്കു ന്നതിനും ഈ സംഘടനാംഗങ്ങൾ അതീവശ്രദ്ധചെലുത്തി. ഓശാന ഞായറാഴ്ച രോഗികളായവരെ എത്തിക്കുന്നതിനും കുമ്പസാരത്തിലും, കുർബാനയർപ്പണത്തിലും പങ്കെടുപ്പിക്കുന്നതിനും അവർക്ക് സ്നേ ഹവിരുന്നു നല്കി, വാഹനസൗകര്യങ്ങളൊരുക്കി അവരെ തിരികെ വീട്ടിലെത്തിക്കുന്നതിനും എല്ലാ സംഘടനാഭാരവാഹികളും നേതൃത്വം





നൽകി ദുഃഖവെള്ളിയാഴ്ചത്തെ ഭക്താനുഷ്ഠാനങ്ങൾക്കും. ദീപംതെളിയിക്കലിനും എല്ലാ സംഘടനാംഗങ്ങളുടെയും പ്രത്യേകസഹകരണങ്ങൾ ഉണ്ടായിരുന്നു. 'ജീവൻ ജ്യോതിസ്സും' പ്രൊലൈഫും കത്തീഡ്രൽ 'മാതൃപിതൃവേദി'യും ചേർന്ന് വിശുദ്ധ ജിയന്നാ പുണ്യവതിയുടെ തിരുനാൾദിനമായ ഏപ്രിൽ 28-ന് രാവിലെ ഏഴുമണിയുടെ കുർബാനയിലും 'ഇന്നസെന്റ്' ഗ്രോട്ടോയിലേയ്ക്ക് നടത്തിയ പ്രദക്ഷിണത്തിലും ഗ്രോട്ടോയിൽ പുതുതായി സ്ഥാപിച്ച ശിമയോൻ ഉണ്ണിയെ കയ്യിൽ എടുത്തിരിക്കുന്ന ഛായാചിത്രം കൂദാശാകർമ്മം ചെയ്യുന്നതിലും ഭക്തജനങ്ങൾക്ക് മധുരം വിതരണം ചെയ്യുന്നതിലും സംഘാംഗങ്ങൾ നേതൃത്വം നൽകി. മെയ് വണക്കത്തിന്റെ ഭാഗമായി കുരിശടികളിൽ വണക്കമാസപ്രാർത്ഥനകൾ നടത്തുന്നതിന് നേതൃത്വം നൽകുന്നു.





## തണ്ണീർപന്തൽ

ലോകജലദിനത്തോടനുബന്ധിച്ച് ചങ്ങനാശേരി ഫൊറോന നടത്തിയ തണ്ണീർപന്തലെന്ന പ്രോഗ്രാമിൽ നമ്മുടെ യൂണിറ്റിൽനിന്നും ഒരു ദിവസം മാർക്കറ്റിലെ തൊഴിലാളികൾക്ക് മോരുംവെള്ളം (സംഭാരം) വിതരണം ചെയ്യുകയും ചെയ്തു.

## കരുതലും കരുണയും

ഫൊറോനായുടെ നിർദ്ദേശപ്രകാരം ഈ ഒരു വർഷക്കാലം കരുതലും കരുണയുമെന്ന പ്രോഗ്രാമിന്റെ ഭാഗമായി 'ഇരവുചിറ സ്നേഹാലയം' ട്രസ്റ്റ് കത്തീഡ്രൽ മാതൃപിതൃവേദി ഏറ്റെടുത്ത് അവർക്കുവേണ്ട സഹായസഹകരണങ്ങൾ (ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ) മുതലായവ ആവശ്യാനുസരണം ചെയ്യുന്നു.

ഇടവകയോടു ചേർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഈ സംഘടന എല്ലാവിധത്തിലുമുള്ള സഹകരണങ്ങൾ ചെയ്യുന്നു. ഇതിൽ ഞങ്ങൾക്ക് നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുന്ന ഞങ്ങളുടെ എല്ലാമെല്ലാമായ വികാരിഅച്ചൻ റവ. ഡോ. ജോസ് കൊച്ചുപറമ്പിലിനും ഞങ്ങളുടെ പ്രിയപ്പെട്ട ഡയറക്ടർ റ്റോജോ പുളിക്കപ്പടവിൽ അച്ചനും ഞങ്ങളുടെ

സ്നേഹനിധിയായ ആനിമേറ്റർ സിസ്റ്റർ റോസമരിയ സി.എം.സി.ക്കും സർവ്വോപരി, സർവ്വശക്തനായ ദൈവത്തിനും നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട്,

**പ്രസിഡന്റുമാർ, സെക്രട്ടറിമാർ**

## കത്തോലിക്കാ കോൺഗ്രസ്

### പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

2024-27 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ 25.04.24 കൗൺസിൽ ഹാളിൽ കൂടിയ വാർഷിക പൊതുയോഗം തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | - ടോമിച്ചൻ അയ്യരുകുളങ്ങര |
| ജനറൽ സെക്രട്ടറി | - ജോസി കല്ലുകളം |
| ട്രഷറർ | - കുഞ്ഞുമോൻ തൂമ്പുങ്കൽ |

കൂടാതെ മറ്റു ഭാരവാഹികളെയും, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു.

### പതാകദിനം ആചരിച്ചു

കത്തോലിക്കാ കോൺഗ്രസിന്റെ 106-ാമതു ജന്മദിനത്തോടനുബന്ധിച്ച് അതിരൂപതാതലത്തിൽ ആചരിച്ച പതാകദിനം മെയ് 5-ാം തീയതി കത്തീഡ്രൽ ശാഖയിൽ പതാക ഉയർത്തി ആചരിച്ചു. കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ പതാക ഉയർത്തി.

### അതിരൂപത ഭാരവാഹികൾക്ക് സ്വീകരണം

അതിരൂപത ഭാരവാഹികൾക്ക് ചങ്ങനാശേരി കത്തീഡ്രൽ എ.കെ.സി.സി. ഹാളിൽ വച്ച് സമുചിതമായ സ്വീകരണം നൽകി.

### അനുമോദിച്ചു

യൂണിറ്റ് അംഗങ്ങളായ സൈബി അക്കരയെ അതിരൂപത സെക്രട്ടറിയായും ജോസി കല്ലുകളത്തെ അതിരൂപത എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്കും തിരഞ്ഞെടുക്കുകയുണ്ടായി. ഇരുവരേയും കത്തീഡ്രൽ ശാഖായോഗം അനുമോദിച്ചു സ്വീകരണം നൽകി.

### 106-ാം ജന്മദിന സമ്മേളനം

106-ാം ജന്മദിന സമ്മേളനം അരുവിത്തറയിൽ വച്ച് നടക്കുകയുണ്ടായി. കത്തീഡ്രൽ ശാഖയിൽനിന്ന് 10 പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി.

### എകെസിസി സ്വയാശ്രയസംഘം കാത്തലിക് മൈക്രോ ചാരിറ്റി

എകെസിസി കത്തീഡ്രൽ ശാഖയുടെ നേതൃത്വത്തിൽ നടന്നുവരുന്ന സ്വാശ്രയസംഘമാണ് കാത്തലിക് മൈക്രോ ചാരിറ്റി. പ്രസ്തുത സംഘത്തിന്റെ നേതൃത്വത്തിൽ കുറഞ്ഞ വാടകയ്ക്ക് മഞ്ചൽ വണ്ടി സർവ്വീസ് നടത്തുന്നവിവരം അറിയിക്കുന്നു. ബുക്കിങ്ങിന് വിളിക്കുക: മാർട്ടിൻ 9847646485, സോണി കരിമറ്റം 9847254844.

**ടോമിച്ചൻ അയ്യരുകുളങ്ങര**
പ്രസിഡന്റ്

**ജോസി കല്ലുകളം**
ജനറൽ സെക്രട്ടറി



# ജലത്താലും ആത്മാവിനാലും

1. പുതുപ്പറമ്പിൽ രാജീവ് - റ്റാനിയ മകൻ വർഗ്ഗീസ് 03.04.2024
2. മുപ്പത്തെട്ടിൽച്ചിറ ജിനു - റ്റിനു മകൻ തോമസ് 03.04.2024
3. പീടികത്തുണ്ടിയിൽ ഫ്രാൻസി - സൂസന്ന മകൾ സെലിൻ 10.04.2024
4. പഴതറ റോണി - ജിസ മകൾ തെരേസ 10.04.2024
5. കടുകകരോട്ട് നിതിൻ മകൻ കുര്യാക്കോസ് 29.04.2024
6. പാമ്പൂട്ടിത്തറ കാർമ്മൽ - അനീറ്റ മകൻ റൂബൻ 05.05.2024
7. പുന്നക്കുടി അമൽ - നെസ്സ് മകൻ വർഗീസ 12.05.2024

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക കുന്നേൽ തോമസ്-മോനിമ്മ മകൻ ഇമ്മാനുവേലും തൃക്കൊടിത്താനം ഇടവക ഇരുപ്പപുരയിടം സുരേഷ്-രേവതി മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 30.04.2024
2. ഈ ഇടവക മേനാച്ചേരി ജോസഫ്-സാലിമ്മ മകൻ വർഗീസും നാഗപ്പുഴ ഇടവക പുളിക്കൽ തങ്കച്ചൻ-ഷേർളി മകൾ മേരിയും തമ്മിലുള്ള വിവാഹം - 09.05.2024
3. ഈ ഇടവക ഒറ്റത്തെങ്ങിൽ മാത്യു-ജോളി മകൻ ആന്റണിയും കുറിച്ചി ഇടവക വെട്ടുകുഴി വർക്കി-ഏലിയാമ്മ മകൾ ഏലിയാമ്മയും തമ്മിലുള്ള വിവാഹം - 11.05.2024
4. ഈ ഇടവക കരിങ്ങട സാജു-അനു മകൻ ആന്റണിയും സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക വെട്ടിപാറപ്പുറത്ത് ബേബി-റോസിലി മകൾ കൊച്ചുത്രേസ്യയും തമ്മിലുള്ള വിവാഹം - 12.05.2024
5. ഈ ഇടവക വള്ളിമല വർഗീസ്-എൽസമ്മ മകൻ വർഗീസും ഈ ഇടവക മുളവന ജോസഫ്-ലൈസാമ്മ മകൾ കാതറിനും തമ്മിലുള്ള വിവാഹം - 16.05.2024

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | വടക്കുംമുറി മറിയാമ്മ തോമസ് (74 വയസ്) | 21.03.2024 |
| 2. | നെടിയകാലാപറമ്പിൽ സെബാസ്റ്റ്യൻ വർഗീസ് (59 വയസ്) | 23.03.2024 |
| 3. | പാറയ്ക്കൽ സജി പോൾ (61 വയസ്) | 25.03.2024 |
| 4. | ചക്കാലയിൽ മേരിക്കുട്ടി ജോർജ് (89 വയസ്) | 25.03.2024 |
| 5. | പടവുപുരയ്ക്കൽ ത്രേസ്യാമ്മ ആന്റണി (72 വയസ്) | 28.03.2024 |
| 6. | വട്ടപ്പറമ്പിൽ ജോസഫ് ജോസഫ് (64 വയസ്) | 28.03.2024 |
| 7. | പുളിയ്ക്കൽ ലിസമ്മ ജോസഫ് (62 വയസ്) | 03.04.2024 |
| 8. | കൈതക്കളം കെ.ഒ. മാത്യു (84 വയസ്) | 05.04.2024 |
| 9. | ആറ്റുപുറം ത്രേസ്യാമ്മ ജോസഫ് (79 വയസ്) | 08.04.2024 |
| 10. | കരിങ്ങട ഫ്രാൻസിസ് ആന്റണി (68 വയസ്) | 14.04.2024 |
| 11. | നാല്പത്തഞ്ചിൽ എൻ.റ്റി. ജോർജ് (91 വയസ്) | 15.04.2024 |
| 12. | കോയിലടത്ത് പേൾഹിൽ കുഞ്ഞുമ്മ ജോസഫ് (78 വയസ്) | 18.04.2024 |
| 13. | മാളിയേക്കൽ-എട്ടുകെട്ടിൽ ചെറിയാൻ മാത്യു (72 വയസ്) | 20.04.2024 |
| 14. | അമ്പലത്തിങ്കൽ മേരിക്കുട്ടി ഫിലിപ്പ് (80 വയസ്) | 22.04.2024 |
| 15. | നെടുമുടി ജെയിംസ് വർഗീസ് (70 വയസ്) | 25.04.2024 |
| 16. | മണക്കുന്നേൽ ഈയ്യോ ഔസേഫ് (83 വയസ്) | 29.04.2023 |
| 17. | കുരിശിങ്കപ്പറമ്പിൽ ലില്ലി തോമസ് (53 വയസ്) | 02.05.2024 |
| 18. | ഏലംകുന്നം എ.ജെ. തോമസ് (90 വയസ്) | 05.05.2024 |
| 19. | പാലത്തിങ്കൽ നിർമ്മലാലയം സാറാമ്മ കുര്യൻ (92 വയസ്) | 06.05.2024 |
| 20. | ആറുപറയിൽ സെബാസ്റ്റ്യൻ ജോസഫ് (56 വയസ്) | 12.05.2024 |

# ARCHBISHOP KAVUKATTU MEMORIAL PUBLIC SCHOOL & JUNIOR COLLEGE

**Affiliated to CBSE, New Delhi. Reg.No. 930862**

BY PASS ROAD, MORKULANGARA, CHANGANACHERRY - 3

**Ph : 0481 - 2402161, 8848682677**

email : akmschoolchrry@gmail.com, Website : www.akmpublicschool.in

**ADMISSION**

**Play Class, KG to Class IX and Class XI Science & Commerce**

## Our Specialities

- Dedicated & Experienced Staff
- Technology enabled class rooms with interactive Digiboard Systems
- Modernized Computer Lab, Maths Lab, Science Labs & Library
- CCTV Surveillance of whole campus
- Daily SMS System
- Transportation facilities
- Kids Park



**Cricket Coaching by KCA and Basketball Coaching by KBA**

# സ്നേഹസ്മരണയ്ക്ക്





കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി


THOMSONS
MATTRESSES
ഉണരാം
ഊർജ്ജത്തോടെ
Durable
Anti Microbacterial
Hygienic
Medium Firm
+91 8089351893
+91 96337 51893
7/133 Ayyarukulangara Enterprises, market road, Changanacherry-686101
INDUSTRY LEADING
5 YEAR WARRANTY

# സ്നേഹസ്മരണയ്ക്ക്



## കെ.ജെ. ചാക്കോ    ത്രേസ്യാമ്മ ചാക്കോ

### കട്ടപ്പുറം, വാഴപ്പള്ളി

ഞങ്ങൾ നിങ്ങളിൽ നിന്നും
പിരിഞ്ഞുപോയെങ്കിലും ഞങ്ങളുടെ സ്നേഹം
എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെയും
ഓർക്കേണമെ.